പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2016-2019)

ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2018 മാർച്ച് മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 മുതൽ 2009-2010 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് വണ്ടികകളെ അടിസ്ഥാനമാക്കിയുള്ളത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2018

പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2016-2019)

ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2018 മാർച്ച് മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 മുതൽ 2009-2010 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്

757/2018

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	..	49
അനുബന്ധം II : ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി	..	61

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2016 -2019)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

---

* 2018 മാർച്ച് മാസം 9-ാം തീയതിയിലെ 413-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019) യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 മുതൽ 2009-2010 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലെ നഗരസഭകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 മാർച്ച് മാസം 22-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2018 മാർച്ച് 27.

റിപ്പോർട്ട്

തൃശ്ശൂർ, എറണാകുളം ജില്ലകളിലെ നഗരസഭകളെ സംബന്ധിച്ച റിപ്പോർട്ട്

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

തൃശ്ശൂർ ജില്ല

പൊതുപരാമർശം

ഓഡിറ്റ് ഖണ്ഡിക

വികസനം നിക്ഷേപമായി; 56.7 ലക്ഷം സർക്കാർ ഏജൻസികളിൽ

ജില്ലയിലെ മൂന്ന് നഗരസഭകളുടെ ജനക്ഷേമപദ്ധതികൾ സർക്കാർ ഏജൻസികളിൽ നിക്ഷേപമായി.

ജനകീയാസൂത്രണ വർഷങ്ങളിൽ ഏറ്റെടുത്ത വൈദ്യുതി ലൈൻ നീട്ടൽ, കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ, ഭവന നിർമ്മാണം, വിവിധ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ജനക്ഷേമ പദ്ധതികളാണ് വർഷങ്ങളായി സർക്കാരിലും സർക്കാർ ഏജൻസികളിലും നിക്ഷേപമായി തുടരുന്നത്. മൂന്ന് നഗരസഭകളും പദ്ധതികൾക്കായി 56,69,790 രൂപയാണ് പദ്ധതി വിഹിതത്തിൽ നിന്നും നിക്ഷേപിച്ചത്. വർഷങ്ങൾക്ക് ശേഷവും ഇവയുടെ പൂർത്തീകരണ വിനിയോഗ രേഖകൾ ലഭ്യമല്ല.

നിക്ഷേപമായി തുടരുന്ന പദ്ധതികളുടെ വിവരം.

(i) **ചാവക്കാട് നഗരസഭ**

[2000-2001 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2(41)]

വൈദ്യുതി ലൈൻ വലിക്കൽ, കുടിവെള്ള പൈപ്പ് സ്ഥാപനം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പദ്ധതികൾക്ക് വൈദ്യുതി ബോർഡ്, ജല അതോറിറ്റി, റവന്യൂ എന്നിവിടങ്ങളിൽ 2000-2001-ൽ 11,23,000 രൂപ നിക്ഷേപിച്ചു. എന്നാൽ വിനിയോഗ രേഖകൾ ലഭ്യമല്ല.

(ii) **കുന്നംകുളം നഗരസഭ**

[2000-2001 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2(17), 2(22), 2(23)]

വൈദ്യുതി ലൈൻ വലിക്കൽ, കുടിവെള്ള പൈപ്പ് സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നീ പദ്ധതികൾക്ക് 2000-2001-ൽ വൈദ്യുതി ബോർഡ്, ജല അതോറിറ്റി, സ്പെഷ്യൽ

തഹസിൽദാർ (ലാന്റ് അക്വിസിഷൻ) എന്നീ സ്ഥാപനങ്ങളിൽ 18,36,290 രൂപ പദ്ധതിവിഹിതം നിക്ഷേപിച്ച് അഞ്ച് വർഷം കഴിഞ്ഞിട്ടും വിനിയോഗ രേഖകൾ ഹാജരാക്കി മുൻകൂർ നിക്ഷേപിച്ച തുകകൾ സാധൂകരിച്ചില്ല.

(iii) **ഗുരുവായൂർ നഗരസഭ**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-16)

പൊതുപട്ടിക വിഭാഗങ്ങളിലെ 139 പേർക്ക് വീട് ലഭ്യമാക്കാൻ കോസ്റ്റ്ഫോർഡുമായി കരാർ ചമച്ച് 27,10,500 രൂപ മുൻകൂർ നിക്ഷേപിച്ചിട്ടും ഒരാൾക്ക് പോലും ധനസഹായം ലഭിച്ചില്ല. 2000-2001-ലാണ് നഗരസഭ പദ്ധതിവിഹിതം കോസ്റ്റ്ഫോർഡിൽ നിക്ഷേപിച്ചത്.

കോസ്റ്റ്ഫോർഡ് കരാർ ലംഘിച്ചിട്ടും നഗരസഭ നിയമനടപടി സ്വീകരിച്ചില്ല മാത്രമല്ല ഇതേ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന് 24,02,000 രൂപ നഗരസഭ വീണ്ടും വകമാറ്റി.

പദ്ധതിവിഹിതം നിക്ഷേപമാക്കി ജനങ്ങൾക്ക് വികസനം നിഷേധിക്കുന്നത് ഗൗരവമായി കാണണം. പദ്ധതികൾ പൂർത്തിയാക്കാൻ സാധ്യത തേടുകയോ മുൻകൂർ നിക്ഷേപിച്ച 18 ശതമാനം പലിശ സഹിതം തിരിച്ച് ഈടാക്കുകയോ വേണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.17.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ചാവക്കാട്, കുന്നംകുളം, ഗുരുവായൂർ എന്നീ നഗരസഭകൾ വികസന നിക്ഷേപമായി ആകെ 56.7 ലക്ഷം രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ചാവക്കാട് നഗരസഭ, വിവിധ പദ്ധതികൾക്കായി 11,23,000 രൂപയാണ് കെ.എസ്.ഇ.ബി., റവന്യൂ, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലായി നിക്ഷേപിച്ചതെന്നും ആയതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ലെന്നും നിരീക്ഷിച്ച സമിതി വിശദീകരണം ആരാഞ്ഞു. കെ.എസ്.ഇ.ബി. ബീച്ച് സെക്ഷനിൽ നിന്നും 5-11-2007-ൽ 5,83,600 രൂപയുടെയും ചാവക്കാട് സെക്ഷനിൽ നിന്നും 29-9-2008-ൽ 4,69,400 രൂപയുടെയും വാട്ടർ അതോറിറ്റിയിൽ നിന്നും 70,000 രൂപയുടെയും ഉൾപ്പെടെ ആകെ 11,23,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതായി ചാവക്കാട് മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ, വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. തുടർന്ന് രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2. കുന്ദംകുളം നഗരസഭ വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, റവന്യൂ വകുപ്പ് (ലാന്റ് റിക്വിസിഷൻ) എന്നീ സ്ഥാപനങ്ങളിൽ 18,36,290 രൂപ നിക്ഷേപിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ (എൽ.എ.) തഹസിൽദാർക്ക് തുക നൽകിയിരുന്നുവെന്നും ആയത് സംബന്ധിച്ച ഫയലും കെ.എസ്.ഇ.ബി-യിലും വാട്ടർ അതോറിറ്റിയിലും പണം അടച്ചതിന്റെ രേഖകളും കണ്ടുകിട്ടിയിട്ടില്ല എന്നും കുന്ദംകുളം നഗരസഭാ സെക്രട്ടറി അറിയിച്ചു.

3. രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചും ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയും 15 ദിവസത്തിനകം റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

4. ഗുരുവായൂർ മുനിസിപ്പാലിറ്റി വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 27,10,500 രൂപ കോസ്റ്റ്ഫോർഡിൽ മുൻകൂർ നിക്ഷേപിച്ചിട്ടും ഒരാൾക്കുപോലും വീട് നിർമ്മിച്ചു നൽകാനുള്ള ധനസഹായം ലഭ്യമാക്കാത്തത് സംബന്ധിച്ച് മുനിസിപ്പാലിറ്റിയുടെ വിശദീകരണം സമിതി ആരാഞ്ഞു. സ്വാഭിമാൻ പാർപ്പിട പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടിക വിഭാഗത്തിലെ 139 പേരുടെ വീട് നിർമ്മാണത്തിനായാണ് നഗരസഭ പ്രസ്തുത തുക കോസ്റ്റ്ഫോർഡിൽ നിക്ഷേപിച്ചതെന്നും തൃശ്ശൂർ ജില്ലയിലെ 79 പഞ്ചായത്തുകളും 14 ബ്ലോക്ക് പഞ്ചായത്തുകളും 4 മുനിസിപ്പാലിറ്റികളും ഉൾപ്പെടെയുള്ള തദ്ദേശസ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളായിരുന്നുവെന്നും പദ്ധതി പ്രകാരം ഹഡ്കോ, കോസ്റ്റ്ഫോർഡിന് നൽകാമെന്നേറ്റിരുന്ന വായ്പ നൽകാത്തതിനാൽ 4000 പേർക്ക് വീട് നിർമ്മിച്ചു കൊടുത്തപ്പോൾ കോസ്റ്റ്ഫോർഡിന്റെ ഫണ്ട് തീർന്നു എന്നും ഗുരുവായൂർ നഗരസഭ സെക്രട്ടറി അറിയിച്ചു. വീടൊന്നിന് 19,500/- രൂപ വീതം നഗരസഭ കോസ്റ്റ്ഫോർഡിന് നൽകിയിരുന്നുവെന്നും തുക ഈടാക്കുവാൻ സർക്കാർ തലത്തിൽ ഉത്തരവുണ്ടായിട്ടുണ്ടെങ്കിലും ആകെ 1 ലക്ഷം രൂപ മാത്രമാണ് നഗരസഭയ്ക്ക് കോസ്റ്റ്ഫോർഡിൽ നിന്നും തിരികെ ലഭിച്ചതെന്നും മുനിസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

5. തുക ഈടാക്കാൻ നഗരകാര്യ ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയതെന്ന് നിരീക്ഷിച്ച സമിതി, ഡയറക്ടർ സ്വീകരിച്ച നടപടിയെന്താണെന്ന് ആരാഞ്ഞു. ഓഡിറ്റ് പരാമർശം വന്നപ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതെന്നും കോസ്റ്റ്ഫോർഡ് അവർക്ക് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് പഞ്ചായത്തുകളിലും വീടുകൾ നിർമ്മിച്ചിരുന്നുവെന്നും പക്ഷെ ഗുരുവായൂർ നഗരസഭയിൽ മാത്രം ഒരു വീടുപോലും നിർമ്മിക്കാത്തതാണ് വിഷയമെന്നും മറ്റു പല പഞ്ചായത്തുകളിൽ കോസ്റ്റ്ഫോർഡ് നിക്ഷേപിച്ച തുക അവരുടെ പദ്ധതി വിഹിതത്തിൽ നിന്ന് ഈടാക്കി ഗുരുവായൂർ നഗരസഭയ്ക്ക് നൽകണമെന്നാണ് സർക്കാർ ഉത്തരവ് വായിച്ചതിൽ നിന്ന്

മനസ്സിലാകുന്നതെന്നും ബന്ധപ്പെട്ട ഫയൽ ഓഫീസിൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും അതിനുള്ള തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഉടനടി നടപടി സ്വീകരിക്കുന്നതാണെന്നും നഗരകാര്യ ഡയറക്ടർ മറുപടി നൽകി. സർക്കാർ ഉത്തരവിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നത് ഫയൽ ലഭിച്ചാൽ മാത്രമേ അറിയാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ നഗരകാര്യ സെക്രട്ടറിയുടെ അഭിപ്രായമാരാഞ്ഞതിന് മുനിസിപ്പാലിറ്റികളും ഹഡ്കോയും ചേർന്ന് കോസ്റ്റ്ഫോർഡിൽ പണം നിക്ഷേപിച്ച് ഒരു സംയുക്ത പദ്ധതിയായാണ് ഇത് ആസൂത്രണം ചെയ്തിരിക്കുന്നത് എന്നും ഗുരുവായൂർ നഗരസഭയുടെ പണമുപയോഗിച്ച് മറ്റ് പഞ്ചായത്തുകളിൽ വീട് നിർമ്മിക്കുകയാണുണ്ടായതെന്നും നഗരകാര്യ സെക്രട്ടറി വിശദമാക്കി. പദ്ധതി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ പരാമർശ വിധേയമായ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് അടുത്ത വർഷത്തെ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുകയുണ്ടായെന്ന് നഗരകാര്യ ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

6. സ്വാഭിമാൻ പാർപ്പിട പദ്ധതി പ്രകാരം, കോസ്റ്റ്ഫോർഡ്, ഗുരുവായൂർ നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് വീട് നിർമ്മിച്ചുകൊടുത്തിട്ടുള്ള മുനിസിപ്പാലിറ്റി/ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുത തുക ഈടാക്കി ഗുരുവായൂർ നഗരസഭയ്ക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് ഖണ്ഡിക 3.17.1 (i)-ന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് താഴെ ചേർക്കുന്നു:

ചാവക്കാട് നഗരസഭ

7. 11,23,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രസ്തുത മറുപടിയിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്.

8. ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന ഓഡിറ്റ് വകുപ്പ് 03.08.2015-ലെ കത്ത് മുഖേന ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് താഴെച്ചേർക്കുന്നു:

ചാവക്കാട് നഗരസഭ [ഓഡിറ്റ് ഖണ്ഡിക 3.17.1 (i)]

9. വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ വൈദ്യുതി ബോർഡ്, ജല അതോറിറ്റി, റവന്യൂ എന്നിവിടങ്ങളിൽ വൈദ്യുതി ലൈൻ വലിക്കൽ, കുടിവെള്ള പൈപ്പ്

സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കായി യഥാക്രമം 70,000 രൂപ, 5,83,600 രൂപ, 4,69,400 രൂപ എന്നിങ്ങനെ ആകെ 11,23,000 രൂപ ചെലവഴിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ട അതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

കണ്ണംകുളം നഗരസഭ [ഓഡിറ്റ് ഖണ്ഡിക 3.17.1 (ii)]

10. വൈദ്യുതി ലൈൻ വലിക്കൽ, കുടിവെള്ള പൈപ്പ് സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കായി 2000-01-ൽ വൈദ്യുതി ബോർഡ്, ജല അതോറിറ്റി, സ്പെഷ്യൽ തഹസിൽദാർ (ലാന്റ് അക്വിസിഷൻ) എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 18,36,290/- രൂപയുടെ ചെലവുരേഖകളോ വിനിയോഗ സാക്ഷ്യപത്രമോ നഗരസഭയിൽ പരിശോധനയ്ക്ക് ലഭ്യമല്ലാത്തതിനാൽ ഉത്തരവാദികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല.

ഗുരുവായൂർ നഗരസഭ [ഓഡിറ്റ് ഖണ്ഡിക 3.17.1 (iii)]

11. നഗരസഭ കോസ്റ്റ്ഫോർഡിന് നൽകിയ തുക പഞ്ചായത്തുകളിൽ നിന്ന് ഈടാക്കുന്നതിന് നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് 26-11-2004-ലെ സ.ഉ.(സാധാ)319/04/തസ്വഭവ. നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശിക്കപ്പെട്ടിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറിൽ നിന്നും യാതൊരു നിർദ്ദേശവും നഗരസഭയിൽ ലഭിച്ചതായി കാണുന്നില്ല.

നിഗമനങ്ങൾ/ശിപാർശകൾ

ചാവക്കാട് നഗരസഭ

12. **ചാവക്കാട് നഗരസഭ വികസന നിക്ഷേപമായി കെ.എസ്.ഇ.ബി., റവന്യൂ, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലായി നിക്ഷേപിച്ച 11,23,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം [ഖണ്ഡിക 3.17.1 (i)] ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

കണ്ണംകുളം നഗരസഭ

13. **കണ്ണംകുളം നഗരസഭ വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, റവന്യൂ വകുപ്പ് (ലാന്റ് അക്വിസിഷൻ) എന്നീ സ്ഥാപനങ്ങളിൽ 18,36,290 രൂപ നിക്ഷേപിച്ചിരുന്നതും എന്നാൽ ആയത് സംബന്ധിച്ച ഫയലുകളോ പണം അടച്ചതിന്റെ രേഖകളോ കണ്ടുകിട്ടിയിട്ടില്ല എന്നും നഗരകാര്യ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചും വിവിധ**

ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയും 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ സമിതി നിർദ്ദേശം നടപ്പാക്കാൻ കാലതാമസം വരുത്തുന്നതിനുള്ള വിശദീകരണവും ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ച് ആയത് രണ്ടു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഗുരുവായൂർ നഗരസഭ

14. സ്വാതിമാൻ പാർപ്പിട പദ്ധതി പ്രകാരം കോസ്റ്റ്ഫോർഡ്, ഗുരുവായൂർ നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് വീട് നിർമ്മിച്ചുകൊടുത്തിട്ടുള്ള മുനിസിപ്പാലിറ്റി/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുത തുക ഈടാക്കി ഗുരുവായൂർ നഗരസഭയ്ക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ ഉത്തരവുണ്ടായിട്ടും ഇതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും നഗരകാര്യ ഡയറക്ടറിൽ നിന്നും നഗരസഭയിൽ ലഭിച്ചതായി കാണുന്നില്ല എന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നു.

15. നഗരകാര്യ ഡയറക്ടറുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ ഈ സമീപനത്തെ സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നതോടൊപ്പം സമിതി ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നഗരസഭ രശീതി പുസ്തകങ്ങൾക്ക് സമാന്തരമായി രശീതി പുസ്തകങ്ങൾ അച്ചടിച്ച് പിരിവ് നടത്തി - ചാവക്കാട് നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 2001-2002 ഖണ്ഡിക 2-1)

ബിൽ കളക്ടർ പി.എം. ശശി, പ്യൂൺ എൻ.പി. പുരുഷോത്തമൻ എന്നിവർ നഗരസഭ രശീതി പുസ്തകങ്ങൾക്ക് സമാന്തരമായി രശീതി പുസ്തകങ്ങൾ അച്ചടിച്ച് നികുതി പിരിവ് നടത്തി പണാപഹരണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഫയൽ പ്രകാരം 65,973 രൂപ

ഇപ്രകാരം പിരിച്ചെടുത്ത് അപഹരിച്ചിട്ടുണ്ട്. തൃശ്ശൂർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഇത് സംബന്ധിച്ച് വി.സി.16/2003 ആയി കേസ് എടുത്തിട്ടുണ്ട്. മേൽ പ്രകാരം പിരിച്ചെടുത്ത തുക മുനിസിപ്പൽ ഫണ്ടിൽ അടച്ചത് സംബന്ധിച്ചോ ജീവനക്കാർ ക്കെതിരെയുള്ള ശിക്ഷണ നടപടികൾ, കേസിന്റെ തുടർ നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടിയൊന്നും നൽകുകയുണ്ടായില്ല. കേസിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.17.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

16. ബിൽ കളക്ടറും പ്യൂണും സമാന്തരമായി രശീതി പുസ്തകങ്ങൾ അച്ചടിച്ച് പിരിവ് നടത്തി 65,973 രൂപയുടെ പണാപഹരണം നടത്തിയത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൽ ബിൽ കളക്ടറെ മാത്രമാണ് സസ്പെന്റ് ചെയ്തതെന്ന് നിരീക്ഷിച്ച സമിതി പ്യൂണിനെതിരെ സ്വീകരിച്ച നടപടിയെന്താണെന്ന് ആരാഞ്ഞു. പ്യൂൺ ശ്രീ. പുരുഷോത്തമനെ 5-4-2003 മുതൽ 20-4-2005 വരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നുവെന്നും ടിയാനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടെന്നും ചാവക്കാട് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് വ്യക്തമായ മറുപടി നൽകാൻ മുനിസിപ്പാലിറ്റി സെക്രട്ടറിക്കോ നഗരകാര്യ സെക്രട്ടറിക്കോ കഴിഞ്ഞില്ല. ആയതിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ശ്രീ. പുരുഷോത്തമ നെതിരെയുള്ള വിജിലൻസ് കേസ് എത്രയും വേഗം തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട്, കേസ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ, കേസിന്റെ നിലവിലെ സ്ഥിതി തുടങ്ങിയവ പത്ത് ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം താഴെ ചേർക്കുന്നു:

17. കേസ് വിചാരണയിലാണ്. 21-7-2014-ലെ വിചാരണ 29-12-2014-ലേയ്ക്ക് മാറ്റി വച്ചിട്ടുള്ളതാണെന്ന വിവരം ചാവക്കാട് നഗരസഭാ സെക്രട്ടറി 27-11-14-ലെ എ 2/5193/14 നമ്പർ ഇ-മെയിൽ പ്രകാരം ലഭ്യമാക്കിയ കത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സർക്കാരിന് വേണ്ടി കോടതിയിൽ കേസ് വാദിക്കുന്നത് അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, തൃശ്ശൂർ ആണ്. 24-11-2009-നാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. വിജിലൻസ് ഡയറക്ടറുടെ ഉത്തരവ് അനുസരിച്ചാണ് വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്തത്.

18. ഭരണവകുപ്പിന്റെ മറുപടി :—ഈ ഓഫീസിലെ 5-7-14-ലെ എഫ്.2/8474/14-ാം നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന്, ടി കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കത്ത് നൽകിയിട്ടുള്ള വിവരം സമിതി മുൻപാകെ റിപ്പോർട്ട് ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കേസിന്റെ വിചാരണ 29-12-14-ലേയ്ക്ക് മാറ്റിയ വിവരം ടെലഫോൺ മുഖാന്തരം ഈ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രസ്തുത മറുപടിയിന്മേൽ 7-11-15-ലെ കത്ത് മുഖേന സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാറിപ്പോർട്ട് ഇപ്രകാരമാണ്.

19. വിശദാംശങ്ങൾ നഗരസഭ ലഭ്യമാക്കിയിട്ടില്ല. തൽസ്ഥിതി തുടരുന്നു.

നിഗമനങ്ങൾ / ശിപാർശകൾ

20. **പരാമർശ വിധേയനായ പൂണ്ട ശ്രീ. പുരുഷോത്തമനെതിരെയുള്ള വിജിലൻസ് കേസിന്റെ നിലവിലത്തെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ മുനിസിപ്പൽ സെക്രട്ടറിക്കോ നഗരകാര്യ സെക്രട്ടറിക്കോ വ്യക്തമായ മറുപടി നൽകാൻ കഴിയാത്തതിനാൽ പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട്, കേസ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ പത്തു ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.**

21. **എന്നാൽ സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു വിവരവും നഗരസഭ നാളിതുവരെ ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇതിനെ നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി കണക്കാക്കുന്നു എന്നതോടൊപ്പം മേല്പറഞ്ഞ വിവരങ്ങൾ രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ആധുനിക അറവുശാല നിർമ്മാണം-10 കൊല്ലത്തിനു ശേഷവും പൂർത്തീകരിച്ചിട്ടില്ല-24.31 ലക്ഷം പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്നു-മുനിസിപ്പാലിറ്റിക്ക് നഷ്ടം 1,89,685 രൂപ-ഇരിങ്ങാലക്കുട നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ 2-19)

7-11-1995-ൽ ഭരണാനുമതിയും 2-11-1995-ൽ സാങ്കേതികാനുമതിയും ലഭിച്ച അറവുശാലയുടെ പദ്ധതി അടങ്കൽ 23.06 ലക്ഷം രൂപയായിരുന്നു. 15-3-1996-ൽ ടെണ്ടർ

ക്ഷണിക്കുകയും 90% ടെണ്ടർ അധികത്തിന് കരാർ ലഭിച്ച കരാറുകാരൻ 8-10-1996-ൽ എഗ്രിമെന്റ് വെച്ച് ജോലി ആരംഭിക്കുകയും ചെയ്തു. പിന്നീട് പദ്ധതി അടങ്കൽ പുതുക്കി നിശ്ചയിച്ച് പണി പൂർത്തിയാക്കാൻ 7-8-1997 വരെ സമയം നൽകി. എന്നിട്ടും 2002 വരെ പണി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ എഗ്രിമെന്റ് പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. അവസാന സെക്യൂർഡ് അഡ്വാൻസ് നൽകുമ്പോൾ കരാറുകാരന്റെ പക്കൽ അധികമായി ഉണ്ടായിരുന്ന 609 ബാഗ് സിമന്റിന്റെയും 2173.07 കിലോ കമ്പിയുടെയും വിലയായ 1,89,685 രൂപ കരാറുകാരനായ ശ്രീ. എം. കെ. ജോണിയിൽ നിന്നും ഈടാക്കുന്നതിനും, ചെയ്ത പണിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-2008-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.8.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. പ്രസ്തുത പ്രവൃത്തിക്കായി കരാറുകാരന് നൽകിയിരുന്ന സിമന്റ് ഉപയോഗ ശൂന്യമായി പോയതിനാലാണ് പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടായതെന്നും കരാറുകാരന്റെ സ്വന്തം ചെലവിൽ സിമന്റ് വാങ്ങി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും ഇരിങ്ങാലക്കുട മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കരാറുകാരനിൽ നിന്നും ഈടാക്കിയ തുകയുടെ പലിശകൂടി ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം താഴെ ചേർക്കുന്നു:

23. സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ നഗരസഭയിൽ അടച്ച 50,000 രൂപയുടെ 15-3-1996-ലെ 027766 നമ്പർ രസീത് പ്രകാരമുള്ള സംഖ്യയിൽ നിന്നും പലിശയിനത്തിൽ 36,775 രൂപ 28-6-2014-ൽ തനത് ഫണ്ടിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് 3-8-15 ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു:

24. സെക്യൂരിറ്റി നിക്ഷേപമായി 15-3-1996-ൽ കരാറുകാരൻ 027766 നമ്പർ രസീത് പ്രകാരം നഗരസഭയിൽ അടച്ച ₹50,000-ൽ നിന്നും 26-6-2014-ൽ പലിശയിനത്തിൽ ₹ 36,775 തനതു ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടുള്ളതായി പരിശോധിച്ച് ബോധ്യപ്പെട്ടു.

തുടർന്ന് 7-11-2015-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ കറിപ്പിൽ സംസ്ഥാന ഓഡിറ്റ് വകപ്പ് താഴെ പറയും പ്രകാരം അറിയിച്ചിരിക്കുന്നു:

25. സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ അടവാക്കിയ 50,000 രൂപയിൽ നിന്നും 36,775 രൂപ നഗരസഭാ ഫണ്ടിൽ വരവ് വയ്ക്കുവാൻ സെക്രട്ടറിയുടെ 26-6-2014-ലെ ജി 5-6892/14 നമ്പർ കത്ത് പ്രകാരം ഉത്തരവായിട്ടുള്ളതാണെങ്കിലും പ്രസ്തുത തുകയുടെ വരവുരേഖകളോ രജിസ്റ്ററുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയുടെ നടപടി പ്രകാരം തുക ഈടാക്കി വിവരം ബന്ധപ്പെട്ട ഫയലിലും അളവു പുസ്തകത്തിലും നിരതദ്രവ്യ രജിസ്റ്ററിലും രേഖപ്പെടുത്തി നഗരസഭാ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

നിഗമനങ്ങൾ / ശിപാർശകൾ

26. പരാമർശ വിധേയനായ കരാറുകാരൻ ശ്രീ. എം. കെ. ജോണിയിൽ നിന്നും ഈടാക്കിയ തുകയുടെ പലിശകൂടി ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ അടവാക്കിയ 50,000 രൂപയിൽ നിന്നും 36,775 രൂപ നഗരസഭാ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കുവാൻ ഉത്തരവായെങ്കിലും പ്രസ്തുത തുകയുടെ വരവ് രേഖകളോ രജിസ്റ്ററുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതായി ഓഡിറ്റ് വകപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ രേഖകൾ അടിയന്തരമായി ഓഡിറ്റിനു ഹാജരാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വ്യവസായ എസ്റ്റേറ്റിന് ചുറ്റുമതിൽ പണിക്ക് അധിക നിരക്ക്-ചാലക്കുടി നഗരസഭ

(2000-2001 ചെലവ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.14)

വ്യവസായ എസ്റ്റേറ്റിന് ചുറ്റുമതിൽ പ്രവൃത്തിയിൽ 5-ാം ഇനമായി ചെയ്തിരിക്കുന്നത് 1:6 സിമന്റ് മോർട്ടാറിൽ ഇഷ്ടിക പണിയാണ്. 183.821 എം3-ന് 1475.60/എം3 നിരക്ക് പ്രകാരം 7.01% ടെന്റർ കുറവിൽ 252231.90 രൂപ നൽകിയിരിക്കുന്നു. 1.65 മീറ്റർ ഉയരത്തിൽ ചുറ്റുമതിൽ പണിയുന്നതിനുള്ള ഈ പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് 1341.45 എം3 ആണ്. അധികമായി നൽകിയ 22931 രൂപ തിരിച്ചുപിടിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകപ്പ് ഡയറക്ടറുടെ 2005-06 ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.18.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരം അധികം നൽകിയ തുക 19,387.87 രൂപ മാത്രമെന്ന് സമിതി നിരീക്ഷിച്ചു.

28. കരാറുകാരന് പ്രവൃത്തിക്കായി തൊഴിലാളികളുടെ കൂലിയിനത്തിൽ അധികം നൽകിയ 19,387 രൂപ ഈടാക്കിയിട്ടുള്ളതായി ചാലക്കുടി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത തുകയുടെ പലിശകൂടി കരാറുകാരനിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

29. 2-7-2014 തീയതിയിലെ 114701104283 നമ്പർ രസീത് പ്രകാരം പലിശ ഈടാക്കിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് 3-8-2015-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് താഴെ ചേർക്കുന്നു:

30. അധികം നൽകിയ 19,387 രൂപയും പലിശയിനത്തിൽ നൽകിയ 10,274 രൂപയും 21-5-2014-ലെ 11401102137, 2-7-2014-ലെ 114-701104283 എന്നീ രസീതുകൾ മുഖേന നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുള്ളത് പരിശോധിച്ച് ബോധ്യപ്പെട്ടു

നിഗമനങ്ങൾ/ശിപാർശകൾ

31. **കരാറുകാരന് പ്രവൃത്തിക്കായി തൊഴിലാളികളുടെ കൂലിയിനത്തിൽ അധികം നൽകിയ തുകയുടെ പലിശകൂടി, ടിയാനിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ടി തുകയും അതിന്റെ പലിശയും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

തേസരി റോഡ് പുനരുദ്ധാരണം-ചിപ്പിംഗ് കാർപ്പറ്റ് പണി അധികമായി ചെയ്തതായി രേഖപ്പെടുത്തി തുക നൽകി - ചാലക്കുടി നഗരസഭ

[ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2000-2001, ഖണ്ഡിക 2(15)]

വാർഡ് 12-ൽ തേസരി റോഡിന്റെ മെറ്റലിംഗും ചിപ്പിംഗ് കാർപ്പറ്റും ഉൾപ്പെടുന്ന പ്രവൃത്തിക്ക് 1047.5 എം2 സോളിംഗും മെറ്റലിംഗും നടത്തിയ ശേഷം 1715.46 എം2 ചിപ്പിംഗ് കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടാത്തതും അനധികൃതവുമാണ്. അധിക പ്രവൃത്തിക്കും ആയതിന് 12 എം.എം., 6 എം.എം. മെറ്റൽ സംഭരിച്ചതിനുമായി നൽകിയ 35,934 രൂപ തിരിച്ചു പിടിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.18.2)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വന്ന വീഴ്ച മൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്ന സർക്കാരിന്റെ മറുപടിയും മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണവും അംഗീകരിച്ച സമിതി പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കി റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചു

തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

33. രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്കായി നൽകിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് 3-8-2015-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്.

34. 2,44,012 രൂപയുടെ പുതുക്കിയ അടങ്കൽ തയ്യാറാക്കി 1-7-2000-ലെ 2(1)-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതായി ചെലവുരേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു.

നിഗമനങ്ങൾ/ശിപാർശകൾ

35. ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വന്ന വീഴ്ച മൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ ഓഡിറ്റിനു ഹാജരാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ലഭ്യമാക്കിയ പ്രസ്തുത രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായി സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിവിധ വൈദ്യുതീകരണ പ്രവർത്തനങ്ങൾ - നിലവിലുള്ള നിയമങ്ങൾ പാലിച്ചില്ല - തൃശ്ശൂർ നഗരസഭ

വൈദ്യുതി വിഭാഗം:—2004-05 വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-10

2004-2005 വർഷത്തെ കേരള വികസന പദ്ധതിയിൽപ്പെട്ടതിയ വിവിധ ഇലക്ട്രിക്കൽ വേലകൾ 8-6-2004-ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 'കിറ്റ്കോ'യെ ഏൽപ്പിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റോ, റഫ് കോസ്റ്റ് എസ്റ്റിമേറ്റോ പോലും തയ്യാറാക്കാതെ ഒന്നാംഘട്ട നിർവ്വഹണത്തിനായി വൗച്ചർ നമ്പർ 62/20-1-2005 പ്രകാരം 2,40,21,200 രൂപ 20-1-2005-ലെ കരാറടിസ്ഥാനത്തിൽ കിറ്റ്കോയ്ക്ക് മൻകൂർ നൽകിയിട്ടുണ്ട്. ആകെ അടങ്കൽ തുക 12,01,06,000 രൂപ എന്ന് കണക്കാക്കി അതിന്റെ 20% തുകയാണ് മൻകൂർ നൽകിയിരിക്കുന്നത്.

ചട്ടങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളത്.

1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം മതിയായ തുക ബജറ്റിൽ വകയിരുത്താതെയും 217-ാം വകുപ്പ് പ്രകാരം ഭരണാനുമതി ലഭിക്കാതെയും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും 7-ാം ചട്ടപ്രകാരം സാങ്കേതികാനുമതി ലഭിക്കാതെയും യാതൊരു മുനിസിപ്പാലിറ്റിയും ഒരു പൊതുമരാമത്ത് പണിയും ആരംഭിക്കുവാൻ പാടുള്ളതല്ല.

8-8-2001-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2515/2001/ത.സ്വ.ഭ.വ. അനുസരിച്ച് കിറ്റ്കോയെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കണം എന്നിരിക്കെയാണ് എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ രണ്ടരക്കോടി രൂപയോളം മൻകൂർ നൽകിയിരിക്കുന്നത്.

കരാർ പ്രകാരം, ജോലി പൂർത്തീകരിക്കേണ്ടത് കരാർ തീയതിയായ 20-1-2005 മുതൽ 15 മാസം ആണ്. കരാർ വ്യവസ്ഥയിലെ 3(4) (പേജ് നമ്പർ 5) അനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുകയുടെ 1% പലിശ 5 മാസത്തേക്കും അതു കഴിഞ്ഞാൽ പദ്ധതി പ്രീമൈസ് കൈവശപ്പെടുത്താവുന്നതാണ് എന്നുമാണ് കരാർ തെറ്റിയാലുള്ള വ്യവസ്ഥ എന്നാൽ പിഴ ഈടാക്കുന്നതിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, മൻകൂർ നൽകിയ 2,40,21,200 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ : 1. ശ്രീ. എസ്. ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി, ലക്ഷ്മി നിവാസ്, കാഞ്ഞിരംകുളം, തിരുവനന്തപുരം.

2. ശ്രീ. വി. കെ. രാജൻ, അസിസ്റ്റന്റ് സെക്രട്ടറി, കന്ദംകുളം മുനിസിപ്പാലിറ്റി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.10.4)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. കേരള വികസന പദ്ധതിയിലുൾപ്പെടുത്തി 12,01,06,000 രൂപയുടെ അടങ്കലിൽ 7 വൈദ്യുതീകരണ പ്രവൃത്തികൾ വിശദമായ എസ്റ്റിമേറ്റോ, റഫ് കോസ്റ്റ് എസ്റ്റിമേറ്റോ തയ്യാറാക്കാതെ കിറ്റ്കോയെ ഏൽപ്പിക്കുകയും ചട്ടങ്ങളോ നടപടിക്രമങ്ങളോ പാലിക്കാതെ 2 കോടി 40 ലക്ഷം രൂപ മുൻകൂർ നൽകുകയും ചെയ്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കിറ്റ്കോയെ 7 പ്രവൃത്തികൾ ആദ്യം ഏല്പിച്ചിരുന്നുവെങ്കിലും 25-3-2006-ൽ കൗൺസിൽ യോഗം ചേർന്ന് 3 പ്രവൃത്തികൾ മാത്രം ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും അതിൻപ്രകാരം കിറ്റ്കോ 2,83,30,034 രൂപയുടെ ബിൽ സമർപ്പിച്ചുവെങ്കിലും നഗരസഭാ കൗൺസിൽ യോഗം ചേർന്ന് പ്രവൃത്തിയുടെ കാലാവധി 31-3-2007 വരെ നീട്ടിക്കൊടുക്കുകയും 2,74,69,741 രൂപ കിറ്റ്കോയ്ക്ക് നൽകാൻ അനുമതി നൽകുകയും ചെയ്തുവെന്നും നഗരസഭാ സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. കിറ്റ്കോ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആർബിട്രേഷൻ ട്രിബ്യൂണലിനെ സമീപിച്ചുവെന്നും ട്രിബ്യൂണലിന്റെ 15-3-2004-ലെ അവാർഡ് പ്രകാരം 13,11,729 രൂപയും 12 ശതമാനം പലിശയും കിറ്റ്കോയ്ക്ക് നൽകാൻ ഉത്തരവായിരിക്കുകയാണെന്നും നഗരസഭയുടെ വാദങ്ങൾ പരിഗണിക്കാതെയാണ് അവാർഡ് പാസ്സാക്കിയിരിക്കുന്നത് എന്നതിനാൽ ജില്ലാക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നഗരസഭയ്ക്ക് നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. ആർബിട്രേറ്ററുടെ തീരുമാനത്തിനെതിരെ ജില്ലാ കോടതിയിൽ അടിയന്തരമായി അപ്പീൽ ഫയൽ ചെയ്യുന്നതാണെന്നും കൊച്ചി നഗരകാര്യ റീജിയണൽ ഡയറക്ടർ ഇക്കാര്യത്തിൽ പൂർണ്ണമായി ശ്രദ്ധചെലുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കേസ് ഫലപ്രദമായി നടത്തുന്നതാണെന്നും നഗരകാര്യ ഡയറക്ടർ വ്യക്തമാക്കി.

37. പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കാൻ കിറ്റ്കോ ബാധ്യസ്ഥമാണ് എന്ന് അഭിപ്രായപ്പെട്ട സമിതി ആർബിട്രേഷൻ ട്രിബ്യൂണലിന്റെ അവാർഡിനെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാനും കേസ്സിന്റെ ഫലപ്രദമായ നടത്തിപ്പിന് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കാനും ആവശ്യപ്പെട്ടു.

സംസ്ഥാന ഓഡിറ്റ് വകപ്പ് 3-8-2015-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട് ഇപ്രകാരമാണ്.

38. ആർബിട്രേഷൻ വിധിക്കെതിരെ തൃശ്ശൂർ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത AOP427/14 നമ്പർ അപ്പീൽ കോടതിയുടെ പരിഗണനയിലാണ്.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്കുള്ള മറുപടിയായി തദ്ദേശ സ്വയംഭരണ വകപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു:

39. 2-4-2006 നാണ് കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ടത്. അനുബന്ധ കരാർ ഉണ്ടാകാത്തതിനുള്ള കാരണം സംബന്ധിച്ച് ഫയലിൽ ഒന്നും തന്നെ വിശദീകരിച്ചിട്ടില്ല. കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി (ഇലക്ട്രിസിറ്റി വിഭാഗം) യിൽ നിന്നും വിശദീകരണം ആരാഞ്ഞതിൽ 2005-ൽ കൗൺസിൽ ഏഴ് പദ്ധതികളുള്ള കരാറിനെ നാലാക്കി ചുരുക്കിയിട്ടുള്ളത് കൊണ്ടും, ലോക്കൽ ഫണ്ട് തടസ്സവാദങ്ങൾ ഉന്നയിച്ചതിനാലും അനുബന്ധ കരാർ ഉണ്ടായിരിക്കില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. നഗരസഭ നേരിട്ട് എന്തെങ്കിലും വാങ്ങലുകൾ നടത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല.

തദ്ദേശ സ്വയംഭരണ വകപ്പിന്റെ പ്രസ്തുത മറുപടിയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകപ്പിന്റെ സൂക്ഷ്മ പരിശോധനക്കുറിപ്പ് ഇപ്രകാരമാണ്.

40. 20-1-2005-ലെ കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കരാർ തീയതി മുതൽ 15 മാസമാണ്. ആയതിനാൽ 19-4-2006 നാണ് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. ഫൈനൽ ബിൽ സമർപ്പിച്ചത് 9-6-2007 നാണ്. ഫൈനൽ ബിൽ സമർപ്പിച്ചത് വരെയുള്ള കാലയളവിലേയ്ക്ക് പിഴ ഈടാക്കുകയോ അനുബന്ധ കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. 25-3-2006-ലെ 7-ാം നമ്പർ തീരുമാനപ്രകാരം ഏഴ പ്രവൃത്തികൾ മൂന്നാക്കി കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. അനുബന്ധ കരാർ ഉണ്ടാക്കാത്തത് സംബന്ധിച്ച് ഫയലിൽ എവിടെയും പരാമർശമില്ല. ലോക്കൽ ഫണ്ട് തടസ്സവാദങ്ങൾ ഉന്നയിച്ചതുകൊണ്ട് അനുബന്ധ കരാർ ഉണ്ടാക്കിയില്ല എന്ന വിശദീകരണം വസ്തുതാ വിരുദ്ധമാണ്. നിലവിലുള്ള നിയമങ്ങൾ പാലിക്കാതെ 2,40,21,200 രൂപ മെ.കിറ്റ്കോയ്ക്ക് മുൻകൂർ നൽകിയ നടപടി സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുകയാണ് ഉണ്ടായത്. (വൈദ്യുതി വിഭാഗം ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2004-05 നമ്പർ എൽ.എഫ്.ടി. ആർ.സി. 4-577/2007 തീയതി 21-8-2008/30-8-2008)

41. കൗൺസിലിന്റെ അനുമതിയോടുകൂടിയാണ് നഗരസഭ വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ചെയ്ത തീർത്ത പണികളുടെ ബില്ല് ലഭിക്കാതെ വന്നപ്പോൾ മെ.കിറ്റ്കോ, ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി ആയത്

ആർബിട്രേഷന് വിടുകയും ചെയ്തു. ആർബിട്രേഷൻ കേസിൽ മെ.കിറ്റ്കോയ്ക്ക് അനുകൂലമായ വിധിയാണ് ഉണ്ടായത് (AR57 of 2010). 13,11,729 രൂപ പലിശയടക്കം കിറ്റ്കോയ്ക്ക് നൽകാനാണ് 15-3-2014-ൽ ആർബിട്രേഷൻ അവാർഡ് പ്രഖ്യാപിച്ചത്. വിധിക്കെതിരെ തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം തൃശ്ശൂർ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു (AOP 427/14). കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി 14-1-2016-ലെ ഇ 4-5998/04 നമ്പർ കത്തു പ്രകാരം അറിയിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

42. **പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുവാൻ കിറ്റ്കോയ്ക്ക് ബാദ്ധ്യതയുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി ആർബിട്രേഷൻ ട്രൈബ്യൂണലിന്റെ അവാർഡിനെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാനും കേസിന്റെ ഫലപ്രദമായ നടത്തിപ്പിനും സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ തൃശ്ശൂർ നഗരസഭ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവെന്നും കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി നടപടികൾ എത്രയും വേഗം തീർപ്പാക്കി ആയത് സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

നഗരസഭാവക കെട്ടിടം-ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ അപാകതകൾ - തൃശ്ശൂർ നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 2-12)

തൃശ്ശൂർ നഗരസഭാവക റൗണ്ട് നോർത്തിലുള്ള ബിന്നി ടൂറിസ്റ്റ് ഹോം 5 വർഷത്തേയ്ക്ക് ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് ഉയർന്ന-നിരക്ക് പ്രതിമാസം 8,19,000 രൂപ വാടക ക്വാട്ട് ചെയ്ത് ടെണ്ടർ ലഭിച്ച ശ്രീ. വി. എ. ഡാനി, S/o. ശ്രീ വി. കെ. അശോകൻ ടൂറിസ്റ്റ് ഹോം ഏറ്റെടുക്കാത്തതിനെ തുടർന്ന് ഏറ്റവും അടുത്ത അധിക നിരക്കായ 6,21,000 രൂപ (ആറു ലക്ഷത്തി ഇരുപത്തിയൊന്നായിരം) ക്വാട്ട് ചെയ്ത് ശ്രീമതി ഓമന അശോകൻ, w/o. വി. കെ. അശോകന്റെ ടെണ്ടർ 29-10-2002-ലെ കൗൺസിൽ യോഗം അംഗീകരിച്ചു തുടർന്ന് 7-2-2003 മുതൽ ലൈസൻസി ബിന്നി ടൂറിസ്റ്റ് ഹോം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു ഇക്കാര്യത്തിൽ താഴെ ചേർത്തിരിക്കുന്ന തടസ്സവാദങ്ങൾ ഓഡിറ്റിൽ ഉന്നയിക്കുകയുണ്ടായി:

1. പ്രതിമാസം 8,19,000 രൂപ ക്വാട്ട് ചെയ്ത വ്യക്തി ടൂറിസ്റ്റ് ഹോം ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പുതിയ ടെണ്ടർ ശ്രീ. വി. എ. ഡാനിയുടെ നഷ്ടോത്തര വാദിത്തത്തിൽ വിളിക്കാതെ ടിയാളുടെ അമ്മയ്ക്ക് വളരെയധികം കുറഞ്ഞ നിരക്കായ 6,21,000 രൂപ നിരക്കിൽ ടൂറിസ്റ്റ് ഹോം കൈമാറാനിടവന്നത് ശരിയല്ല.

2. ടെണ്ടർ വ്യവസ്ഥ പ്രകാരം നഗരസഭ ബാധ്യസ്ഥമല്ലായിരിക്കെ അറ്റകുറ്റ പണികൾക്കു വേണ്ടി ലൈസൻസി ഫീ ആയ 6,21,000 രൂപയുടെ 10% കുറച്ച് 5,58,900 രൂപ മാത്രം വാടകയിനത്തിൽ ഈടാക്കാനിടവന്നത് ക്രമവിരുദ്ധമാണ്.

3. ഉടമ്പടി തയ്യാറാക്കിയിട്ടുള്ളതും ഒപ്പുവച്ചിട്ടുള്ളതും ടെണ്ടർ വ്യവസ്ഥകൾ മുഴുവനും ഉൾപ്പെടുത്താതെയാണ്. ഒരു വർഷത്തെ ലൈസൻസ് ഫീസിനു തുല്യമായ ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കുന്നതിൽ ലൈസൻസി വീഴ്ച വരുത്തിയിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-2010-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.1.6 (i)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. നഗരസഭയുടെ ടൂറിസ്റ്റ് ഹോം, ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ടെണ്ടർ നടപടികളുടെ വീഴ്ച സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. 29-10-2002-ലെ കൗൺസിൽ തീരുമാനപ്രകാരമാണ് ശ്രീമതി ഓമന അശോകന്റെ ടെണ്ടർ അംഗീകരിച്ചത് എന്നും ആകെ 2 പേർ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത് എന്നും തൃശ്ശൂർ നഗരസഭാ സെക്രട്ടറി അറിയിച്ചു. 8,19,000 രൂപ ക്വാട്ട് ചെയ്തിരുന്ന ശ്രീ. വി. എ. ഡാനി എഗ്രിമെന്റ് ഒപ്പുവയ്ക്കാതെ പിന്മാറിയെന്നും അതിനെ തുടർന്ന് രണ്ടാമത്തെ തുകയായ 6,21,000 രൂപ ക്വാട്ട് ചെയ്തിരുന്ന ടിയാന്റെ അമ്മയായ ശ്രീമതി ഓമന അശോകന് നൽകുന്നതിന് കൗൺസിൽ യോഗം തീരുമാനിച്ചു എന്നും നഗരസഭാ സെക്രട്ടറി വിശദമാക്കി. കൂടാതെ അറ്റകുറ്റപ്പണികൾക്കായി 10% കുറവ് ചെയ്തുകൊടുക്കുവാനും കൗൺസിൽ തീരുമാനിച്ചെന്നും ആയതിന് സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം കോർപ്പറേഷൻ എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 10% കുറവ് അനുവദിച്ചതെന്നും അദ്ദേഹം വ്യക്തമാക്കി. ശ്രീ. ഡാനിയിൽ നിന്നും ടെണ്ടർ നടപടികളിൽ നിന്നും പിന്മാറിയതിന്റെ നഷ്ടപരിഹാരമായി, ഒരു ലക്ഷം രൂപ കെട്ടിവച്ചിരുന്നത് കണ്ടുകെട്ടിയിട്ടുണ്ട് എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. തൃശ്ശൂർ ജില്ലാ കോടതിയുടെ ഇടക്കാല വിധി പ്രകാരം പുനർ ലേലത്തിനുള്ള സാധ്യത ഉണ്ടായിരുന്നിരിക്കെ അതിന് ശ്രമിച്ചില്ലെന്നും ടെണ്ടർ ക്ഷണിക്കുന്നതിനും അനുബന്ധ കാര്യങ്ങളിലും കെ.പി.ഡബ്ല്യു.ഡി. മാന്വൽ, 1997-ലെ കേരള മുനിസിപ്പാലിറ്റി

(പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ എന്നിവയുടെ നിരന്തരമായി വ്യവസ്ഥകൾ നടപ്പാക്കിയിട്ടില്ലെന്നും സമിതി നിരീക്ഷിച്ചു. ഇവ പരിശോധിക്കാത്തതെന്തുകൊണ്ടാണെന്ന് ആരാഞ്ഞതിന് ഇക്കാര്യം പരിശോധിക്കേണ്ടതായിരുന്നുവെന്നും നഗരസഭയുടെ ഭാഗത്ത് അന്ന് അതുണ്ടായില്ലെന്നും തൃശ്ശൂർ കോർപ്പറേഷൻ അസിസ്റ്റന്റ് സെക്രട്ടറി വെളിപ്പെടുത്തി. ടിയാൾ ബാങ്ക് ഗ്യാരന്റി സമർപ്പിക്കാത്തതിന്മേൽ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ച് വിശദീകരണം ആരാഞ്ഞതിന് ബാങ്ക് ഗ്യാരന്റി സമർപ്പിച്ചിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണെന്നും എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കക്ഷി നഷ്ടമൊന്നും വരുത്താതെ മുഴുവൻ തുകയും അടച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. ടെണ്ടർ നടപടികളിൽ സുതാര്യത ഉണ്ടായിരുന്നില്ലായെന്ന് അഭിപ്രായപ്പെട്ട സമിതി ടെണ്ടർ നടപടികളിലുണ്ടായ വീഴ്ച സംബന്ധിച്ച് സർക്കാർ തലത്തിൽ ഗൗരവപൂർവ്വം അന്വേഷണം നടത്തി നിയമാനുസൃതമായി സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും 3-8-2015-ലെ കത്തിനൊപ്പം ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്.

44. 28-5-2014-ലെ നിയമസഭാ സമിതിയുടെ തെളിവെടുപ്പിനു ശേഷം സർക്കാർ തലത്തിലുള്ള അന്വേഷണം സംബന്ധിച്ച വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

നിഗമനങ്ങൾ/ശിപാർശകൾ

45. **നഗരസഭയുടെ ടൂറിസ്റ്റ് ഹോം, ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ടെണ്ടർ നടപടികളിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത വീഴ്ചകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഗൗരവപൂർണ്ണമായ അന്വേഷണം നടത്തി നിയമാനുസൃതമായി സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു വിവരങ്ങളും സർക്കാർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുന്നതിനും സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിനെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചെത്തുന്ന ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരായിരിക്കെ ആയത് പാലിക്കാത്ത നടപടിയെ സമിതി ഗൗരവമായി കാണുകയും അപലപിക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണവും നൽകുവാൻ സമിതി ആവശ്യപ്പെടുന്നു.**

എറണാകുളം ജില്ല

ഓഡിറ്റ് ഖണ്ഡിക

രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച - തൃപ്പൂണിത്തുറ നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 1997-98, ഖണ്ഡിക 3-36)

1997-98-ൽ നഗരസഭ ചെലവിട്ട തുകയിൽ 88 വൗച്ചറുകളിലെ 82,34,049 രൂപയുടെ ബില്ലുകൾ, അളവു പുസ്തകങ്ങൾ തുടങ്ങിയ പ്രധാന രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടി തുകയുടെ ചെലവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിൽ നഗരസഭ വേണ്ടത്ര ശ്രദ്ധകാണിക്കാത്ത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. വ്യക്തമായ രേഖകളുടെ അഭാവത്തിൽ 82,34,049 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-2007-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 4.14.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. നഗരസഭ ചെലവിട്ട തുകയിൽ 88 വൗച്ചറുകളിലെ 82,34,049 രൂപയുടെ ബില്ലുകൾ, അളവു പുസ്തകങ്ങൾ തുടങ്ങിയ പ്രധാന രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞു. ലഭ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കാമെന്നും അവശേഷിക്കുന്ന രേഖകൾ കണ്ടെത്തുന്നതിന് ശ്രമം നടത്തിവരികയാണെന്നും തൃപ്പൂണിത്തുറ മുനിസിപ്പൽ സെക്രട്ടറി ബോധിപ്പിച്ചു. ബാക്കിയുള്ള രേഖകൾ ഹാജരാക്കാൻ എത്ര ദിവസം ആവശ്യമാണെന്ന സമിതിയുടെ ചോദ്യത്തിന് രേഖകൾ കണ്ടെത്തുന്നതിനായി വളരെയേറെ അന്വേഷണം നടത്തിയതാണെന്നും എന്നാൽ ഇതുവരെയും അവ ലഭിച്ചില്ലെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ഇത് സംബന്ധിച്ച് സമിതി സർക്കാരിന്റെ അഭിപ്രായം തേടിയതിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെ സംഘടിപ്പിച്ച് രേഖകൾ കണ്ടെത്തുന്നതിന് ഒന്നുകൂടി പരിശോധന നടത്തുന്നതാണെന്ന് നഗരകാര്യ സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പു നൽകി. ബോധപൂർവ്വം കാര്യങ്ങൾ മറച്ചുവയ്ക്കുകയും രേഖകൾ നഷ്ടപ്പെടുത്തുകയും ചെയ്തതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കാമെന്നും നഗരകാര്യ സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പുനൽകിയതു പ്രകാരം, നഷ്ടപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് കൊച്ചി റീജിയണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു

3-8-2015-ലെ കത്തിനൊപ്പം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാക്കുറിപ്പ് ഇപ്രകാരമാണ്.

47. കണ്ടെത്താൻ കഴിയാത്ത ഫയലുകൾ, എം.ബുക്കുകൾ എന്നിവ നഷ്ടപ്പെട്ടതിന്റെ കാരണം ചോദിച്ചുകൊണ്ട് ബന്ധപ്പെട്ട സെക്രട്ടറിമാർക്കും മുനിസിപ്പൽ എഞ്ചിനീയർമാർക്കും നോട്ടീസ് നൽകിയതായും അതിന് ശ്രീ. ജി. പത്മകുമാർ, സെക്രട്ടറി, ശ്രീ. സി. എം. സുലൈമാൻ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ മറുപടി സമർപ്പിച്ചതായും ശ്രീ. വി. ജെ. തോമസ്, സെക്രട്ടറി മരണപ്പെട്ടതായും ശ്രീമതി എസ്. മീനാകുമാരി നഗരകാര്യ വകുപ്പ് വിട്ടുപോയതായും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തെളിവെടുപ്പ് യോഗത്തിൽ നഗരകാര്യ സെക്രട്ടറി പറഞ്ഞതിൻപ്രകാരം രേഖകൾ കണ്ടെത്തുന്നതിന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് താഴെച്ചേർക്കുന്നു:

48. കാണാതായ രേഖകൾ കണ്ടെത്തുന്നതിനായി നഗരസഭയിലെ പൊതുമരാമത്ത് ജീവനക്കാർക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ റിക്കോർഡ് റൂം, സ്റ്റോർ, ഓഫീസ് എന്നിവയിൽ തെരച്ചിൽ നടത്തി 23 ഫയലുകളും അവയുമായി ബന്ധപ്പെട്ട എം. ബുക്കുകളും കണ്ടെത്തിയതായി നഗരകാര്യ ജോയിന്റ് ഡയറക്ടർ പരിശോധിച്ച് ഉറപ്പാക്കിയതായി അറിയിച്ചിട്ടുണ്ട്. പരിശോധന നടത്തിയ 23 ഫയലുകളിൽ ക്രമ നമ്പർ 53 (ഫയൽ നമ്പർ 3610/97)-ൽ 59,964 രൂപയും, ക്രമ നമ്പർ 39 (ഫയൽ നമ്പർ 4334/94)-ൽ 2,648 രൂപയും നഷ്ടമായി കാണുന്നു. ആകെ 62,612 രൂപ നിരാകരിക്കുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

49. ഓഡിറ്റിന് യഥാസമയം രേഖകൾ നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കാലയളവിലെയും ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റിയ കാലയളവിലെയും സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർക്ക് 23-9-2014-ൽ ഫയലുകളും അളവ് പുസ്തകങ്ങളും കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ മുനിസിപ്പൽ സെക്രട്ടറി ശ്രീ. വി. ജെ. തോമസ് ഇതിനകം മരണപ്പെട്ടിട്ടുള്ളതിനാൽ ശേഷിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾക്കായി മേലധികാരികളെ പേര് വിവരം അറിയിക്കാൻ മുനിസിപ്പൽ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ട്.

50. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തൃപ്പൂണിത്തുറ നഗരസഭയിൽ നേരിൽ അന്വേഷണം നടത്തുകയും ഫയലുകൾ അടിയന്തരമായി കണ്ടെത്തി ഓഡിറ്റിന് സമർപ്പിക്കാൻ സെക്രട്ടറിയും വകുപ്പ് തലവൻമാർക്കും നിർദ്ദേശം

നൽകുകയുമുണ്ടായി. ഓഫീസിൽ വിപുലമായ പരിശോധന നടത്തിയതിനെ തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 23 ഫയലുകൾ എം. ബുക്ക് സഹിതം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 33 എം. ബുക്കുകളും കണ്ടെത്തിയിട്ടുണ്ട്. ഫയലുകളും, എം. ബുക്കുകളും കണ്ടെത്തിയ കാര്യം 13-9-2014-ലെ കത്ത് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതും ലഭ്യമായ ഫയലുകൾ ഓഡിറ്റ് നടത്തുവാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഫയലുകൾ വിശദമായി നടത്തിയ തെരച്ചിലിലും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. ഏതാണ്ട് 20 വർഷത്തോളം പഴക്കമുള്ള ഫയലുകൾ ആണെന്നതിനാൽ അവ കണ്ടെത്തുവാനുള്ള സാധ്യത കുറവാണെന്ന കാര്യം കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രസ്തുത മറുപടിയിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനക്കുറിപ്പ് താഴെച്ചേർക്കുന്നു:

51. തൃപ്പൂണിത്തുറ നഗരസഭയുടെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-36-ൽ മരാമത്ത് വേലകളുടെ ഫയലുകളും അളവു പുസ്തകങ്ങളും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 82,34,049 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. ആയതിൽ 23 ഫയലുകളും അവയുടെ അളവുപുസ്തകങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കി. ഇപ്രകാരം 25,27,166 രൂപയുടെ വൗച്ചറുകൾ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കി. ശേഷിക്കുന്ന 65 വൗച്ചറുകളിലായി ചെലവ് ചെയ്ത തുകയുടെ ഫയലുകൾ ഇപ്പോഴും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പരിശോധനാ വിധേയമാക്കിയ 23 ഫയലുകളിൽ ഓഡിറ്റ് റിപ്പോർട്ടിലെ 75-ാം നമ്പർ (നമ്പർ 10102/97) പ്രകാരമുള്ള തുകയായി ഓഡിറ്റ് റിപ്പോർട്ടിൽ കാണിച്ചിരുന്നത് 20,70,417 രൂപയാണ്. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചപ്പോൾ ചെലവ് തുക 2,70,417 രൂപ മാത്രമേ ഉള്ളൂ എന്ന് ബോദ്ധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ ഖണ്ഡികയിലെ തടസ്സപ്പെടുത്തൽ 64,34,049 (82,34,049-18,00,000) രൂപയായി കുറയും. ആയതിനാൽ ഇനി ലഭിക്കാനുള്ള 65 ഫയലുകൾ മുഖേനയുള്ള 39,06,883 (64,340,49-25,27,166) രൂപയുടെ ചെലവ് തടസ്സം നിലനിർത്താവുന്നതാണ്.

52. പരിശോധന നടത്തിയ 23 ഫയലുകളിൽ ക്രമനമ്പർ 53 (ഫയൽ നമ്പർ 3610/97), ക്രമനമ്പർ 39 (ഫയൽ നമ്പർ 4334/94) എന്നിവയിൽ യഥാക്രമം 59,964 രൂപയും 2,648 രൂപയും നഷ്ടമായി കാണുന്നു. ആകെ തുക 62,612 രൂപ നിരാകരിക്കാവുന്നതാണ്.

വിശദാംശങ്ങൾ താഴെകൊടുക്കുന്നു:

(1) വാളൻഇരുത്തി ശ്മശാനത്തിന്റെ ചുളയിൽ റിഫ്രാക്ടറി ബ്രിക്ക്സ് കെട്ടുന്ന പ്രവൃത്തി നിരക്കിൽ വരുത്തിയ കുറവ് ബില്ലിൽ കുറച്ചില്ല- നഷ്ടം 59,964

2,55,000 രൂപ അടങ്കൽ തുക നിർണ്ണയിച്ച ഈ പ്രവൃത്തിയിൽ ചുളയിൽ ഇഷ്ടിക കെട്ടുന്ന ഇനത്തിൽ റിഫ്രാക്ടറി ബ്രിക്സ് 640 എണ്ണവും നിരക്ക് ഘനമീറ്ററിന് 15088.17 രൂപയുമാണ് കണക്കാക്കിയിരുന്നത്. പിന്നീട് ബ്രിക്സിന്റെ എണ്ണം 470 ആയി കുറയ്ക്കുകയും നിരക്ക് ഘനമീറ്ററിലായി ശരിയായി നിർണ്ണയിക്കുകയും ചെയ്തു. ഇക്കാര്യം ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തു.

എന്നാൽ പ്രവൃത്തി ചെയ്തപ്പോൾ അളവു പുസ്തക പ്രകാരം 14,584 എം^{3} (M^3) അളവു രേഖപ്പെടുത്തുകയും, കുറവ് വരുത്തിയ 11347.98/എം^{3} ന് പകരം 15088.17/എം^{3} പ്രകാരം കണക്കാക്കി ബിൽ തുക നൽകുകയും ചെയ്തു. ടെൻഡർ എക്സസ് 30% അധികവും നിയമാനുസൃത നികുതികളും കിഴിച്ച് കരാറുകാരന് നൽകേണ്ടിയിരുന്നത് 1,82,146 രൂപയായിരിക്കെ, നൽകിയത് 2,42,110 രൂപയാണ്. അധികം നൽകിയ 59,964 രൂപ നിരാകരിക്കുന്നു.

(2) വാളൻഇരുത്തി ശ്മശാനഭൂമിയിൽ ക്രിമിറ്റോറിയം കെട്ടിട നിർമ്മാണം- നിരക്കുകണക്കാക്കിയതിലെ അപാകതമൂലം നഷ്ടം 2,648/- രൂപ

ഈ പ്രവൃത്തിയിൽ 1:6 അനുപാതത്തിൽ ഇഷ്ടിക ഉപയോഗിച്ച് ഭിത്തി നിർമ്മിക്കുന്നതിന് അധിക നിരക്ക് കണക്കാക്കിയതുമൂലം താഴെപ്പറയുംവിധം അധികച്ചെലവ് വന്നിട്ടുണ്ട്:

ഗ്രൗണ്ട് ഫ്ലോർ	-	1476.52
1-ാം നില	-	336.55
2-ാം നില	-	362.10
3-ാം നില	-	472.76
		2647.93

അധികം നൽകിയ 2,648 രൂപ നിരാകരിക്കുന്നു. മേൽ രണ്ടു പ്രവൃത്തികളുടെയും കരാറുകാരൻ ശ്രീ. കെ. എ. മൈക്കിളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ആകെ തുക 62,612 രൂപ (59964+2648) ഈടാക്കാവുന്നതാണ്.

സമിതിയുടെ നിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികൾ

1997-98 വർഷത്തെ പൊതുമരാമത്ത് ഫയലുകൾ കാണാതായതിൽ 23 ഫയലുകളും അവയുടെ എം. ബുക്കുകളും കണ്ടെത്തി. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ നേരിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. ഇനിയും കണ്ടെത്താൻ കഴിയാത്ത ഫയലുകൾ, എം. ബുക്കുകൾ എന്നിവ നഷ്ടപ്പെട്ടതിന്റെ കാരണം ചോദിച്ചുകൊണ്ട് ഓഡിറ്റ് വർഷത്തെയും, ഓഡിറ്റ് നടന്ന സമയത്തെ സെക്രട്ടറിമാർക്കും മുനിസിപ്പൽ എഞ്ചിനീയർമാർക്കും നോട്ടീസ് നൽകി. ആയതിന് മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജി. പത്മകുമാർ, മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. സി. എം. സുലൈമാൻ എന്നിവർ മറുപടി നൽകിയിരുന്നു. ഓഡിറ്റ് കാലയളവിലെ സെക്രട്ടറിമാരിൽ ശ്രീ. വി. ജെ. തോമസ് മരണപ്പെട്ടുപോയി. ശ്രീമതി എസ്. മീനാകുമാരി 2006-ൽ വർക്കല സെക്രട്ടറിയായി സ്ഥലം മാറിപ്പോകുകയും പിന്നീട് നഗരകാര്യവകുപ്പ് വിട്ടുപോകുകയും ചെയ്തു എന്നാണ് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

നിഗമനങ്ങൾ/ശിപാർശകൾ

53. നഗരസഭ ചെലവിട്ട തുകയിൽ 88 വാർഡുകളിലെ 82,34,049 രൂപയുടെ ബില്ലുകൾ, അളവ് പുസ്തകങ്ങൾ തുടങ്ങിയ പ്രധാന രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭയുടെ സമീപനത്തെ സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ബോധപൂർവ്വം കാര്യങ്ങൾ മറച്ചുവയ്ക്കുകയും രേഖകൾ നഷ്ടപ്പെടുത്തുകയും ചെയ്തതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് കൊച്ചി റീജിയണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. രേഖകൾ നഷ്ടപ്പെട്ടതിന്റെ കാരണം ചോദിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച യാതൊരു വിവരവും നാളിതുവരെ സമിതിക്ക് ഹാജരാക്കിയിട്ടില്ല. നഗരസഭയുടെ ഭാഗത്ത് നിന്നുള്ള നിരുത്തരവാദപരമായ ഈ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

54. കാണാതായ രേഖകൾക്കായി നഗരകാര്യ ജോയിന്റ് ഡയറക്ടർ നടത്തിയ പരിശോധനയിൽ 23 ഫയലുകൾ ലഭ്യമായതായും ഇവ പരിശോധിച്ചതിൽ നിന്നും ആകെ 62,612 രൂപയുടെ നഷ്ടം സംഭവിച്ചതായും അറിയിച്ചിരിക്കുന്നു. കൂടാതെ ഇനി ലഭിക്കാനുള്ള 65 ഫയലുകൾ മുഖേന 39,06,883 രൂപയുടെ ചെലവ് തടസ്സം നിലനിൽക്കുന്നതായും അറിയിച്ചിരിക്കുന്നു.

55. **പൊളധനവിനിയോഗത്തിൽ വരുത്തുന്ന ഇത്തരം പിഴവുകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമാണെന്ന് അഭിപ്രായപ്പെട്ട സമിതി അടിയന്തരമായി അന്വേഷണം നടത്തി പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപ്പെട്ട ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാനും ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

തൊഴിലധിഷ്ഠിത ഐ.ടി. സെന്റർ-ആവശ്യമായ സാധ്യതാപഠനവും ആസൂത്രണവും ഇല്ലാതെ പദ്ധതി ഇക ചെലവഴിച്ചു. ലക്ഷ്യം കൈവരിച്ചില്ല - പാവൂർ നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ 3-17)

വ്യവസായവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള തൊഴിലധിഷ്ഠിത ഐ.ടി. സെന്റർ എന്ന പ്രോജക്ടിനുവേണ്ടി 2006-2007-ൽ 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സിന്റൽ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനവുമായി കരാർ ഉറപ്പിക്കുകയും 03/07-ൽ 3,22,224 രൂപ നൽകി സാമഗ്രികൾ വാങ്ങുകയും ചെയ്തു. 3/07-ൽ സാമഗ്രികൾ വാങ്ങിയെങ്കിലും ഓഡിറ്റ് സമയം വരെയും (2/08) ഇവ കവർ പോലും ഇറക്കാതെ മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങളുടെ ഒരു വർഷത്തെ ഗ്യാരന്റിയും ഇതോടെ കഴിഞ്ഞിരിക്കുകയാണ്. അഭ്യസ്തവിദ്യരായ 30 ബി. പി. എൽ. ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് ആരംഭിച്ച ഈ പ്രോജക്ടിൽ ഉപകരണങ്ങൾ സ്ഥാപിക്കാൻ ഒരു സ്ഥലംകണ്ടെത്തി പശ്ചാത്തല സൗകര്യം ഒരുക്കാൻ പോലും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ലായെന്നതിൽനിന്ന് എങ്ങനെയും പണം ചെലവഴിക്കാൻ വേണ്ടി യാതൊരു ആസൂത്രണ വുമില്ലാതെ നടപ്പിലാക്കിയതാണ് ഈ പദ്ധതിയെന്ന് വ്യക്തമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ: ജയ. സി, വ്യവസായ വികസന ഓഫീസർ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-2010-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3-7-10.(i)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. തൊഴിലധിഷ്ഠിത ഐ.ടി.സെന്ററിനുവേണ്ടി 3,22,224 രൂപ മുടക്കി വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കവർ പോലും ഇറക്കാതെ ഉപയോഗശൂന്യമായി സൂക്ഷിച്ചത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. വയറിംഗിൽ ഉണ്ടായ

കാലതാമസവും അടിസ്ഥാന സൗകര്യം ഇല്ലാത്തതുമാണ് കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ കഴിയാതെ പോയതിന് കാരണമെന്ന് നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങിയതെന്തിനാണെന്ന ചോദ്യത്തിന് സ്വകാര്യമേഖലയിൽ ധാരാളം സ്ഥാപനങ്ങൾ ഉള്ള നോർത്ത് പറവൂരിൽ പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെയുള്ള ഒരു പരിശീലന ഇൻസിറ്റിറ്റ്യൂട്ടിന് യാതൊരു സാധ്യതയുമില്ലായിരുന്നുവെന്നും അടിസ്ഥാന സൗകര്യമില്ലാതിരുന്നിട്ടും സ്ഥാപനം തുടങ്ങിയെന്നും കമ്പ്യൂട്ടർ വാങ്ങുകയും ചെയ്തെന്നും പഠിതാക്കൾ ഇല്ലാത്തതുകൊണ്ട് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചില്ലെന്നും കമ്പ്യൂട്ടറുകൾ ഇപ്പോൾ നഗരസഭയുടെ ഓഫീസിൽ ഉപയോഗിച്ചുവരികയാണെന്നും നഗരകാര്യ സെക്രട്ടറി അറിയിച്ചു. കമ്പ്യൂട്ടറുകൾ നഗരസഭാ ഓഫീസിൽ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുകയാണെന്ന ഓഡിറ്റ് കുറിപ്പ് സമിതി നഗരകാര്യ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2008-ലെ ഓഡിറ്റ് പരിശോധനയ്ക്കുശേഷം 2010 ഏപ്രിൽ മാസത്തോടെ നഗരസഭ ഓഫീസിലെ പ്രവർത്തനം സുഗമമാക്കുന്നതിനായി അവ ഉപയോഗിക്കുകയാണ് ചെയ്തതെന്ന് അദ്ദേഹം വ്യക്തമാക്കി. എന്നാൽ കഴിഞ്ഞ മാസം വരെ ഓഡിറ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങളെല്ലാം ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും സർക്കാർ മറുപടി തെറ്റാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധന പ്രകാരം ഒരു പരിശീലനവും നടന്നിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ, ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കണമെന്നും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണവും പ്രവർത്തക്ഷമമാണോ, നഗരസഭയുടെ ഓഫീസിൽ ഇവ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ എന്നത് പരിശോധിച്ചും കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമല്ലാത്തപക്ഷം പ്രസ്തുത പാഴ്ചെലവിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചും റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് 3-8-2015-ലെ കത്തിനൊപ്പം ലഭ്യമാക്കിയിരിക്കുന്ന സൂക്ഷ്മ പരിശോധന റിപ്പോർട്ട് ഇപ്രകാരമാണ്.

57. 2010-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇലക്ഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ കമ്പ്യൂട്ടറുകൾ ഉപയോഗിച്ചിരുന്നു. തുടർന്ന് പുതിയ കമ്പ്യൂട്ടറുകൾ ലഭ്യമായപ്പോൾ തൊഴിലധിഷ്ഠിത ഐ.ടി. സെന്ററിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗി ക്കാതെയായി. വളരെ നാൾ ഉപയോഗിക്കാതെയിരുന്നതു കൊണ്ടും കാലപ്പഴക്കം കൊണ്ടും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ 3-10-2016-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന മറുപടി ഇപ്രകാരമാണ്.

58. 14-8-2006-ലെ 7-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരമാണ് ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങിയിട്ടുള്ളത്. 2010 ഏപ്രിൽ മാസത്തോടു കൂടി 'സിന്റൽ കമ്പ്യൂട്ടേഴ്സ് ' എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുകയും കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും നഗരസഭയുടെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടി ഉപയോഗിച്ച് വന്നിരുന്നതുമാണ്. എന്നാൽ ആധുനിക രീതിയിലുള്ള കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതിനാലും പഴയ കമ്പ്യൂട്ടറുകൾ പ്രവർത്തനരഹിതമായതിനാലും ഓഫീസിലെ സ്റ്റോർ റൂമിൽ ടി കമ്പ്യൂട്ടറുകൾ സൂക്ഷിച്ചു വരികയുമാണ്.

59. പ്രസ്തുത കാലയളവിലെ അനുബന്ധ ഉപകരണങ്ങൾ അടുത്ത കാലം വരെ നഗരസഭയിൽ ഉപയോഗിച്ചു വന്നിരുന്നതും ആയതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നിട്ടില്ലാത്തതുമാണ്. ടി കാലയളവിലെ നഗരസഭാ സെക്രട്ടറി ശ്രീ. സി. വിജയമോഹനനും മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. ടി. പ്രദീപ്കുമാറുമാണ് എന്ന വിവരം അറിയിച്ചു കൊള്ളുന്നു. ശ്രീ. സി. വിജയമോഹനൻ സർവ്വീസിൽ നിന്നും 31-8-2013-ൽ റിട്ടയർ ചെയ്തിട്ടുള്ളതാണ്. ശ്രീ. പ്രദീപ് കുമാർ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു വരുന്നതായും അറിയിച്ചുകൊള്ളുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രസ്തുത മറുപടിയിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനക്കുറിപ്പ് താഴെച്ചേർക്കുന്നു:

60. കമ്പ്യൂട്ടർ സെന്റർ തുടങ്ങുവാനുദ്ദേശിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിനുള്ള വിശദീകരണം നഗരസഭ ഹാജരാക്കിയിട്ടില്ല. കമ്പ്യൂട്ടർ സെന്റർ മാർച്ച് 2008-ൽ പ്രവർത്തനമാരംഭിക്കുകയും 2010 ഏപ്രിൽ മാസത്തോടെ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവെയ്ക്കുകയും ചെയ്തു. കുറച്ചുനാൾ മാത്രം ഉപയോഗിച്ച ഉപകരണങ്ങൾ നിലവിൽ ഗോഡൗണിൽ കൂട്ടിയിട്ടിരിക്കുകയാണ്. വളരെനാൾ ഉപയോഗിക്കാതിരുന്നതു കൊണ്ടും കാലപ്പഴക്കം കൊണ്ടും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇനി ഉപയോഗിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ഭരണ വകുപ്പ് ഇതു വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

നിഗമനങ്ങൾ/ശിപാർശകൾ

61. **കമ്പ്യൂട്ടർ സെന്റർ തുടങ്ങുവാനുദ്ദേശിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അഭ്യസ്തവിദ്യരായ 30 ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സ്വയം**

തൊഴിൽ നൽകുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാനായില്ലെങ്കിലും ഈ ഉപകരണങ്ങൾ 2010-ലെ ഇലക്ഷൻ പ്രവർത്തനത്തിനും നഗരസഭയുടെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഉപയോഗിക്കാൻ കഴിഞ്ഞതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ള വിശദീകരണത്തിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ശരിയായ ആസൂത്രണമോ മുന്നൊരുക്കങ്ങളോ കൂടാതെ പദ്ധതിയ്ക്കായി ഏകദേശം 3 ലക്ഷത്തിലധികം രൂപ ചെലവഴിച്ചത് തികച്ചും പൊതുധനദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. കൂടാതെ വളരെ നാൾ മാത്രം ഉപയോഗിക്കാതിരുന്നതുകൊണ്ടും കാലപ്പഴക്കം കൊണ്ടും അവ ഇനി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നായത്തോട് എം.ജി.എം.എച്ച്.എസ്.എസ്. പ്ലസ്-ടു കെട്ടിട നിർമ്മാണം- 1,38,150/- രൂപ നിരാകരിക്കുന്നു - അങ്കമാലി നഗരസഭ

[ഓഡിറ്റ് റിപ്പോർട്ട് - 2001-02 ഖണ്ഡിക: 2(7)]

അങ്കമാലി നഗരസഭയിൽ 1997-1998 വർഷം ജനകീയാസൂത്രണ പദ്ധതി പ്രകാരം ഏറ്റെടുത്ത ഈ വേലയുടെ അടങ്കൽ 16,00,000 രൂപ (പ്രാദേശിക നിരക്കുപ്രകാരം) ആയിരുന്നു. നിർവ്വഹണോദ്യോഗസ്ഥനായിരുന്ന പ്രിൻസിപ്പാളിന് 14,00,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ വേലയുടെ ബില്ലുകളോ കൺവീനർക്കു നൽകിയ തുകകളുടെ വിശദാംശങ്ങളോ വരവു ചെലവു കണക്കുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. അളവു പുസ്തകം (44/97-98 പേജ് 50 മുതൽ 68 വരെ) പ്രകാരം വേലയുടെ മൊത്തം മൂല്യം 12,61,850 രൂപയാണ്. മൊത്തം മൂല്യത്തേക്കാൾ അധികമായി നിർവ്വഹണോദ്യോഗസ്ഥനു നൽകിയ 1,38,150/-രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. ടി തുക പലിശ സഹിതം നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പലിൽ നിന്നും ഈടാക്കേണ്ടതാണ്. കണക്കുകൾ ഹാജരാക്കാത്തതിനാൽ ബാക്കിയുള്ള 12,61,850 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.16.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62. സ്കൂൾ പ്ലസ്സ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും യഥാർത്ഥ മൂല്യത്തേക്കാൾ അധികം തുക കൈപ്പറ്റിയെന്നുമുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സ്കൂൾ പ്രിൻസിപ്പൽ വിരമിച്ചെന്നും അദ്ദേഹത്തിന് സാങ്കേതികമായി ഒന്നും അറിയില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും പ്രവൃത്തിയുടെ ബില്ല് ലഭ്യമല്ലെന്നും എന്നാൽ അളവ് പുസ്തകമുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു യഥാർത്ഥ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് കുറച്ച് പ്രവൃത്തികൾ ചെയ്തതുകൊണ്ടാണ് അത് രേഖപ്പെടുത്താത്തത് എന്നാണ് ബന്ധപ്പെട്ട എഞ്ചിനീയർ അറിയിച്ചിട്ടുള്ളത് എന്നും നഗരസഭാ സെക്രട്ടറി കൂട്ടിച്ചേർത്തു.

63. പ്രവൃത്തിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും അധികം കൈപ്പറ്റിയ തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയും ചെയ്യുന്നതിനും ക്രമവിരുദ്ധമായി റിപ്പോർട്ട് നൽകിയ മുനിസിപ്പൽ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിനും സമിതി നിർദ്ദേശിച്ചു

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ 3-8-2015-ലെ കത്തിനൊപ്പം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന സൂക്ഷ്മപരിശോധന റിപ്പോർട്ട് ഇപ്രകാരമാണ്.

64. നഷ്ടത്തുക പലിശ സഹിതം തിരിച്ചടയ്ക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്ന് അറിയിച്ചുകൊണ്ട് നിർവ്വഹണോദ്യോഗസ്ഥനായ സ്കൂൾ പ്രിൻസിപ്പൽ ശ്രീ. പി. എക്സ്. സേവ്യറിന് 26-11-2014-ൽ നൽകിയ നോട്ടീസിന് 13-1-2015-ൽ ടിയാൻ വക്കീൽ നോട്ടീസ് മുഖാന്തരം മറുപടി നൽകിയിരുന്നു. 2-2-2015-ൽ ടിയാന് നഗരസഭ നോട്ടീസ് അയയ്ക്കുകയും റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തുകയുണ്ടായി. ഇതിനെതിരെ ശ്രീ. പി.എക്സ്. സേവ്യർ, ആലുവ മുൻസിഫ് കോടതിയെ സമീപിച്ച് 28-3-2015-ൽ ഐ.എ.653/2015 ഒ.എസ്. 198/2015 നമ്പരായി ഇൻജക്ഷൻ പുറപ്പെടുവിക്കുകയുണ്ടായി.

65. മുനിസിപ്പൽ എഞ്ചിനീയർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ 3-10-2016-ലെ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന മറുപടി ഇപ്രകാരമാണ്.

66. അങ്കമാലി നഗരസഭയിലെ നായത്തോട് എം.ജി.എം.എച്ച്.എസ്.എസ്. നിർമ്മാണവുമായി ബന്ധപ്പെട്ട് അധികമായി കൈപ്പറ്റിയ 1,38,150 രൂപ പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്നും അറിയിച്ച് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സ്കൂൾ പ്രിൻസിപ്പൽ ശ്രീ. പി.എക്സ്. സേവ്യറിന്

എ 3-444/12 തീയതി 26-11-2014 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതാണ്. റവന്യൂ റിക്കവറി നടപടികളിൽ നിന്നും പിന്മാറണമെന്നും അല്ലാത്തപക്ഷം നിയമ നടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് 13-1-2015-ൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 544 പ്രകാരം നഗരസഭാ സെക്രട്ടറിക്കെതിരെ ടിയാൻ സ്യൂട്ട് നോട്ടീസ് അയച്ചിട്ടുള്ളതും ആയത് നിരാകരിച്ച് കൊണ്ട് ഇനിയൊരറിയിപ്പ് കൂടാതെ തന്നെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണെന്ന് അറിയിച്ച് എ 3-444/13 തീയതി 2-2-2015 പ്രകാരം ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. ടി നോട്ടീസ് പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിനായി റവന്യൂ റിക്കവറി ഡെപ്യൂട്ടി കളക്ടർക്ക് വിവരം കൈമാറിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രസ്തുത മറുപടിയിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനക്കുറിപ്പ് താഴെച്ചേർക്കുന്നു:

67. അങ്കമാലി നഗരസഭയിലെ നായത്തോട് എം.ജി.എം.എച്ച്.എസ്.എസ്. നിർമ്മാണവുമായി ബന്ധപ്പെട്ട് അധികമായി കൈപ്പറ്റിയ 1,38,150 രൂപ പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്നും അറിയിച്ച് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന സ്കൂൾ പ്രിൻസിപ്പൽ ശ്രീ. പി.എക്സ്. സേവ്യറിന് 26-11-2014-ൽ നൽകിയ നോട്ടീസിന് ടിയാൻ 13-1-2015-ൽ വക്കീൽ നോട്ടീസ് മുഖാന്തിരം മറുപടി നൽകിയിരുന്നു. 2-2-2015-ൽ ടിയാന് നഗരസഭ നോട്ടീസ് അയയ്ക്കുകയും, അതിനൊപ്പം റവന്യൂ റിക്കവറി നടപടികൾക്കായി ഡെപ്യൂട്ടി കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ശ്രീ. പി.എക്സ്. സേവ്യർ ബഹു. ആലുവ മുൻസിഫ് കോടതിയെ സമീപിക്കുകയും 28-3-2015-ലെ ഐ.എ.653/2015 ഒ.എസ്. 198/2015 നമ്പരായി കോടതി ഇൻജക്ഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

നായത്തോട് എം.ജി.എം.എച്ച്.എസ്.എസ്-ലെ പരാമർശവിധേയമായ പ്ലസ്-ടു കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ പ്രൊപ്പോസൽ പരിശോധിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരവും പ്രസ്തുത അധിക വിവരത്തിന്മേൽ 8-3-2017-ലെ കത്ത് മുഖേന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടും പരാമർശവിധേയമായ സ്കൂൾ കെട്ടിടം നേരിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 19-12-2017-ലെ കത്ത് മുഖേന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടും സമിതിയുടെ 20-12-2017-ലെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി.

68. റിവൈസ്ഡ് എസ്റ്റിമേറ്റിലും കംപാരറ്റീവ് സ്റ്റേറ്റ്മെന്റിലും 30 ഇനം പ്രവൃത്തികളും എക്സ്ട്രാ ഐറ്റമായി 9 ഇനങ്ങളും ചേർത്ത് ആകെ 14,50,000 രൂപയാണ് പുതുക്കിയ

അടങ്കലെന്നും എന്നാൽ അളവ് പുസ്തകത്തിൽ എക്സ്ട്രാ ഇനങ്ങളായുള്ള 9 ഇനങ്ങളും മറ്റ് ചില ഇനങ്ങളും ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ലെന്നും നിരീക്ഷിച്ച സമിതി ആയതിനുള്ള വിശദീകരണം ആരാഞ്ഞപ്പോൾ 6-10-2003-ൽ അംഗീകരിച്ച കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ 14,50,000 രൂപയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് 3-9-2003-ൽ ടെക്നിക്കൽ സാങ്ഷൻ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അധികമായി ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടത് നിർമ്മാണ പ്രവർത്തനത്തിന്റെ സൂപ്പർവിഷൻ ചുമതല യുണ്ടായിരുന്ന നഗരസഭാ എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരുന്നുവെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

69. പ്ലസ്-ടു സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പണികൾ പൂർത്തീകരിക്കുന്നതിനു മുമ്പ് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച മുഴുവൻ തുകയും (₹14,00,000) നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സ്കൂൾ പ്രിൻസിപ്പൽ മുൻകൂറായി കൺവീനർക്ക് കൈമാറിയത് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിക്കേണ്ട ജോലി സ്കൂൾ പ്രിൻസിപ്പലിനെ ഏൽപ്പിച്ചതുതന്നെ തെറ്റായ ഒരു തീരുമാന മായിരുന്നുവെന്നും അന്നത്തെ സാഹചര്യത്തിൽ മുനിസിപ്പാലിറ്റികൾക്ക് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാതിരുന്നതുകൊണ്ടും സാങ്കേതികമായി പി.ഡബ്ല്യു.ഡി.-ക്ക് പണം കൈമാറാൻ കഴിയാത്തതുകൊണ്ടും പ്രിൻസിപ്പലിനു പണം കൊടുക്കുകയും പി.ഡബ്ല്യു.ഡി.യുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ കൺവീനറെക്കൊണ്ട് വർക്ക് ചെയ്യിപ്പിക്കുകയുമാണുണ്ടായതെന്നും മെഷർമെന്റ് എടുക്കുക, അളവു പുസ്തകത്തിൽ രേഖപ്പെടുത്തുക തുടങ്ങിയവയെല്ലാം പ്രിൻസിപ്പലിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ലെന്നും പ്രവൃത്തി വാല്യുവേറ്റ് ചെയ്ത് പണം അനുവദിച്ചുതരുന്നതിന് പി.ഡബ്ല്യു.ഡി.യുടെ സഹകരണം ഇല്ലാത്തതിനാൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറെക്കൊണ്ട് അത് ചെയ്യിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൺവീനർ നഗരസഭയ്ക്ക് കത്ത് നൽകുകയും അവരത് അംഗീകരിക്കുകയും ചെയ്തുവെങ്കിലും പ്രസ്തുത പ്രവൃത്തി നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം ചെയ്തതായി കാണുന്നില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.

70. പരാമർശവിധേയമായ പ്ലസ്-ടു സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അധികമായി ചെയ്ത പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത പ്രവൃത്തി 1999-ൽ നടന്നതായതിനാൽ അധികം ചെയ്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തി ക്രമവത്കരിക്കാൻ മാത്രമേ നിലവിൽ സാധിക്കുകയുള്ളുവെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത

അടിപ്രായത്തിന്റെ വെളിച്ചത്തിലും പരാമർശവിധേയമായ പ്ലസ് ടു സ്കൂൾ കെട്ടിടം നല്ല രീതിയിൽ പ്രവർത്തിക്കുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അധികം ചെയ്ത പ്രവൃത്തി അളന്ന് കണക്കെടുത്ത് എൽ.എസ്.ജി.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഓഡിറ്റ് വകുപ്പ് മുഖേന സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

71. **നായത്തോട് എം. ജി.എം.എച്ച്.എസ്.എസ്. പ്ലസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അധികമായി ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടത് നിർമ്മാണ പ്രവർത്തനത്തിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന മുൻസിപ്പൽ എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. മുൻസിപ്പൽ എഞ്ചിനീയർ പ്രസ്തുത വിഷയത്തിൽ ക്രമവിരുദ്ധമായ റിപ്പോർട്ട് നല്കിയെന്ന ആരോപണത്തെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമെങ്കിൽ ടിയാനെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് നാളിതുവരെ യാതൊരു പരിശോധനയും നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്യാത്തത് നിയമസഭാ സമിതിയോടുള്ള കടുത്ത അനാദരവായി കാണുന്നു. അധികമായി ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതുൾപ്പെടെ പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പല ഘട്ടങ്ങളിലും നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്ത് നിന്നും സംഭവിച്ച ഗുരുതരമായ കൃത്യവിലോപത്തിലും അലംഭാവത്തിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.**

72. **എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണച്ചുമതല ഏല്പിക്കേണ്ടിയിരുന്ന നിർമ്മാണ പ്രവൃത്തികൾ സാങ്കേതിക പരിജ്ഞാനമില്ലാത്ത സ്കൂൾ പ്രൻസിപ്പലിനെ ഏല്പിച്ചതെറ്റായ തീരുമാനമാകാം പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് കാരണമായതെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഭാവിയിൽ ഇത്തരം നിർമ്മാണ പ്രവൃത്തികളിൽ നിന്നും സാങ്കേതിക പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥരെ ഒഴിവാക്കി അവയുടെ നിർവ്വഹണച്ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തെ തന്നെ ഏല്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

73. **ഓഡിറ്റ് തടസ്സത്തിനാധാരമായ നിർമ്മാണ പ്രവൃത്തികൾ 1999 മുതൽ 2003 വരെയുള്ള കാലഘട്ടത്തിൽ നിർവ്വഹിച്ചതായതിനാലും പരാമർശ വിധേയമായ പ്ലസ് സ്കൂൾ കെട്ടിടം എല്ലാ അടിസ്ഥാന സൗകര്യങ്ങളോടെയും**

നല്ലരീതിയിൽ പ്രവർത്തിക്കുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും പുതുക്കിയ അടങ്കൽ പ്രകാരമുള്ള അധികം ചെയ്ത പ്രവൃത്തികൾ അളന്ന് കണക്കെടുത്ത് എൽ.എസ്.ജി.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഓഡിറ്റ് വകുപ്പ് മുഖേന സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മാർക്കറ്റ് കോംപ്ലക്സ് - വൻ വാടക കുടിശ്ശിക സംബന്ധിച്ച്-അങ്കമാലി നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ 2-6)

നഗരസഭയുടെ മാർക്കറ്റ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ഭീമമായ തുക വാടക കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതായി കാണുന്നു. 4-6-2003 മുതൽ പല തീയതികളിലായിട്ടാണ് ലേലം നടത്തിയിരിക്കുന്നത്. 2004 ജൂൺ 21-ാം തീയതി മുതൽ മുറികൾ ഏറ്റെടുത്തിരിക്കുന്നതായും കാണുന്നു. ഇപ്രകാരം മുറികൾ ഏറ്റെടുക്കുന്നതിന് ഒരു വർഷത്തെ കാലതാമസം വന്നത് വിശദീകരിക്കേണ്ടതാണ്. ഓരോ മുറിക്കും നിശ്ചിത തുക മിനിമം ഡെപ്പോസിറ്റായും ആറുമാസത്തെ വാടക തുക അഡ്വാൻസായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതു പ്രകാരം നാളിതുവരെ ഒരു മാസത്തെ പോലും വാടക അടയ്ക്കാത്ത പല മുറികളും ഉപയോഗത്തിലുള്ളതായി കാണുന്നു. ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം 2006-07-ലെ വാടകയിനത്തിലെ കുടിശ്ശിക 22,31,574 രൂപയാണ്. തന്നെയുമല്ല ഡെപ്പോസിറ്റ് ഇനത്തിൽ 2004-2005 വർഷത്തിൽ ഏതാണ്ട് അരക്കോടിയോളം രൂപ മുനിസിപ്പൽ ഫണ്ടിൽ അടവ് വരാനുണ്ട്. ഇപ്രകാരം വാടക അടയ്ക്കാതെ വാടകക്കാരെ തുടരാൻ അനുവദിച്ചത് ചട്ടവിരുദ്ധമാണ്. ഡെപ്പോസിറ്റ് തുക അടവാക്കാതെയും മുറികളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിന് അനുവാദം നല്കിയത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. കുടിശ്ശിക വരുത്തിയവർക്ക് ലൈസൻസ് നൽകാതെ ഒഴിവാക്കി പുനർലേലം നടത്തേണ്ടതായിരുന്നു. ഇപ്രകാരം സംഭവിക്കാനുള്ള കാരണങ്ങളെപ്പറ്റി സമഗ്രമായ ഒരന്വേഷണത്തിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. വി.വി. സത്യവാൻ, വെട്ടംതറ വീട്, ചെങ്ങൽ, കാലടി പി.ഒ., എറണാകുളം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.1.5(i)]

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്കെടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് - അങ്കമാലി നഗരസഭ

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് പണി കഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ ഉപയോഗിക്കുന്നതിന് ലേലത്തിൽ പിടിക്കുന്ന വ്യക്തികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനം 1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ചുള്ള കരാർ ചമയ്ക്കാത്തതിനാൽ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വ്യക്തികളിൽ നിന്നും തുക ഈടാക്കാൻ നിയമനടപടികൾ സ്വീകരിക്കാൻ തടസ്സം നേരിടുന്നു. കൂടാതെ, കരുതൽധനം വാങ്ങാതിരിക്കുക, വാടകക്കരാർ രജിസ്റ്റർ ചെയ്യാതിരിക്കുക തുടങ്ങി നിരവധി അപാകതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് തുക ഈടാക്കാതെ മുറികൾ വാടകക്കാർക്ക് കൈമാറുന്നതും, വാടക അടയ്ക്കാത്തവരെ മുറികളിൽ തുടരാൻ അനുവദിക്കുന്നതും കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കി പുനർലേലം ചെയ്യാത്തതും തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളുടെ വീഴ്ചയാണ്. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയ പ്രസ്തുത അപാകതകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സ്ഥാപനം	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക	വാടകയ്ക്ക് നൽകിയ ആസ്തിയുടെ വിവരം
6	അങ്കമാലി നഗരസഭ	2006-2007	2-6	മാർക്കറ്റ് കോംപ്ലക്സിന്റെ മുറികൾ നഷ്ടം-വാടക കുടിശ്ശിക 22,13,574 രൂപ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-2010-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.6, പട്ടിക ക്രമ നമ്പർ 6)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. മാർക്കറ്റ് കോംപ്ലക്സിന്റെ വാടക പിരിക്കുന്നതിലെ വീഴ്ചയെക്കുറിച്ച് ആരാഞ്ഞതിന് 2007-08-ൽ രണ്ട് മുറികളൊഴികെ ബാക്കിയുള്ളവയുടെ മുഴുവൻ തുകയും അടച്ചിട്ടുള്ളതായി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. വാടക കുടിശ്ശിക പിരിച്ചെടുത്തത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ ഹാജരാക്കാമെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു. രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

757/2018.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ 3-8-2015-ലെ കത്തിനൊപ്പം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധന റിപ്പോർട്ട് ഇപ്രകാരമാണ്.

75. അങ്കമാലി നഗരസഭ പുതിയ മാർക്കറ്റ് കോംപ്ലക്സിലെ കടമുറികളുടെ ലേലം 4-6-2003-ൽ നടന്നെങ്കിലും ഔപചാരികമായ കെട്ടിട ഉദ്ഘാടനം നടത്തിയത് 16-6-2004-ലാണ്. 4-6-2003-ലും പുനർലേലം നടന്ന തീയതികളിലും ഈ കോംപ്ലക്സിലെ വിവിധ കടമുറികളുടെ ഡെപ്പോസിറ്റും മൻകൂർ വാടകയും വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ കുടിശ്ശിക ഇുക പിരിച്ചെടുക്കുവാനുണ്ടായിരുന്ന ₹ 22,31,574 യിൽ ₹ 21,86,982 2007-08 മുതൽ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി കുടിശ്ശിക ഇുക നിൽക്കുന്നത് പി.1, വി.19 എന്നീ മുറികളുടെ വാടകയായ ₹ 26,592 ആണ്. ഇതിൽ പി.1 മുറിയുടെ പേരിൽ ബഹു.ഹൈക്കോടതിയിൽ ഡബ്ല്യു.പി(സി)34798/2008 നമ്പർ കേസ് നടക്കുന്നുണ്ട്. വി.19 മുറി 13-8-2003-ൽ ശ്രീ. പി.എ. ഉദയൻ എന്നയാൾക്ക് ലേലം ചെയ്ത് കൊടുത്തിരുന്നതാണ്. പ്രതിമാസ വാടക ₹1,356 പ്രകാരം 26-7-2004-ൽ എഗ്രിമെന്റ് വച്ച് മുറി ഏറ്റെടുത്ത ടിയാൻ 12/2005 വരെ വാടക അടച്ചിരുന്നു. പിന്നീട് വാടക അടയ്ക്കാത്തതിനെ തുടർന്ന് 14-5-2009-ൽ റവന്യൂ ഇൻസ്പെക്ടർ മുറി പൂട്ടിയിട്ടു. 10/2006 വരെയുള്ള വാടക ടിയാൻ അടയ്ക്കുകയും ബാക്കി ഇുക അടയ്ക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തതിനാൽ മുറി ടിയാന് വീണ്ടും നൽകുകയുണ്ടായി. തുടർന്നും കുടിശ്ശിക വരുത്തിയതിനാൽ 12/2011-ൽ മുറി പൂട്ടി നഗരസഭ ഏറ്റെടുക്കുകയും 1-8-2012-ൽ പുനർലേലം ചെയ്യുകയും ചെയ്തു. തുടർന്ന് ഏറ്റെടുത്തയാൾ വാടക കൃത്യമായി അടച്ചുവരുന്നുണ്ട്. നിലവിൽ കേസ് നടക്കുന്നതിനാൽ പി.1 മുറിയുടെ വാടക കുടിശ്ശിക തീർപ്പാകാതെ അവശേഷിക്കുന്നു. വി.19 മുറിയുടെ വാടക ഇപ്പോൾ ലേലം കൊണ്ടയാൾ കുടിശ്ശികയില്ലാതെ അടയ്ക്കുന്നുണ്ടെങ്കിലും 2006-2007 വർഷത്തിൽ ലേലം കൊണ്ടിരുന്ന ശ്രീ. പി.എ. ഉദയൻ അടയ്ക്കാനുണ്ടായിരുന്ന 10/2006 മുതൽക്കുള്ള കുടിശ്ശിക ഈടാക്കിയിട്ടില്ല.

നിഗമനങ്ങൾ/ശിപാർശകൾ

76. **സമിതി നിർദ്ദേശപ്രകാരം രണ്ട് മുറികളുടേതൊഴിച്ച് ബാക്കിയുള്ളവയുടെ മുഴുവൻ കുടിശ്ശികയും അടച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയതായും ആയവ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും സമിതി മനസ്സിലാക്കുന്നു. പി.1 മുറിയുടെ വാടക കുടിശ്ശിക സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിൽ കേസ് നടക്കുന്നു എന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി നടപടികൾ ത്വരിതപ്പെടുത്തി ആയത് സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

77. **10/2006 മുതൽ 12/2011 വരെ വി.19 മുറി ഉപയോഗിച്ചിരുന്ന ശ്രീ. പി.എ. ഉദയനിൽ നിന്നും പ്രസ്തുത കാലയളവിലെ വാടക കുടിശ്ശിക തിരികെ പിടിക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

സി.ഡി.എസ്. വായ്പ തിരിച്ചടച്ചില്ല - ആലുവ നഗരസഭ

(2003-2004 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.11)

1998-ലെ ആലുവ മഹാശിവരാത്രിക്ക്, റെഡിമെയ്ഡ് സ്റ്റാൾ ഇടങ്ങുന്നതിന് അന്നത്തെ സി.ഡി.എസ്. പ്രസിഡന്റിന് 5-2-1998-ൽ നൽകിയ വായ്പ 50,000 രൂപ തിരിച്ചടയ്ക്കുവാൻ 1-8-2003-ൽ ആവശ്യപ്പെടുകയും വായ്പ തിരിച്ചടച്ചതായി പ്രസിഡന്റ് മറുപടി നൽകുകയും ചെയ്തു. എന്നാൽ 30-5-2004 വരെ 10,000 രൂപ മാത്രമേ തിരിച്ചടച്ചിട്ടുള്ളൂ. ബാക്കി 40,000 രൂപ സി.ഡി.എസ്.പ്രസിഡന്റിൽ നിന്നോ വായ്പ അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സി.ഡി.എസ്. ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 -ലെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.16.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. സി.ഡി.എസ്. പ്രസിഡന്റിന് നൽകിയ 50,000 രൂപയുടെ വായ്പ തിരിച്ചടയ്ക്കാത്തത് സംബന്ധിച്ച ചോദ്യത്തിന്, വായ്പ നൽകിയ സി.ഡി.എസ്. പ്രോജക്ട് ഓഫീസർ മരണപ്പെട്ടുപോയെന്നും ഇക ഗഡുക്കളായി തിരിച്ചടച്ചതായി സി.ഡി.എസ്. പ്രസിഡന്റ് അറിയിച്ചിട്ടുണ്ടെന്നും ഇതിനാധാരമായി ബാങ്ക് പാസ് ബുക്ക് മാത്രമാണ് ഉള്ളതെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. പാസ്ബുക്കുപ്രകാരം തിരിച്ചടച്ച ഇക ഓഡിറ്റ് പരാമർശത്തിന് വിധേയമായ സി.ഡി.എസ്. വായ്പയുമായി ബന്ധപ്പെട്ടത് തന്നെയാണോ എന്ന് പരിശോധിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുകയും ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് കൂടി പരിശോധിച്ച തിനുശേഷം റിപ്പോർട്ട് നൽകാമെന്ന് നഗരകാര്യ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്.

79. ഇക തിരിച്ചടച്ചതായി കാണുന്ന വർഷത്തെ ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക്, ബന്ധപ്പെട്ട ഫയൽ എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് (ആലുവ മുനിസിപ്പൽ ഓഫീസ്) പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുന്നു. മറുപടി ലഭ്യമായിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 3-8-2015-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധന റിപ്പോർട്ട് താഴെ ചേർക്കുന്നു:

80. ക്യാഷ് ബുക്ക് , പാസ് ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ 5-12-2003-ൽ ₹ 10,000 മുൻ പ്രസിഡന്റ് ശ്രീമതി ജാസ്മിൻ ആന്റണി അടച്ചതായി വ്യക്തമായി. ബാക്കിയുള്ള ₹ 40,000 തിരിച്ചടച്ചതായി കണ്ടെത്താനായില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 7-11-2015-ലെ കത്തിനോടൊപ്പം ലഭ്യമാക്കിയ സൂക്ഷ്മ പരിശോധന കുറിപ്പിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരിക്കുന്നു:

81. ക്യാഷ് ബുക്കും, പാസ്ബുക്കും പരിശോധിച്ചതിൽ 5-12-2003-ലെ വരവായ 10,000 രൂപ മാത്രമാണ് മുൻ സി.ഡി.എസ്. പ്രസിഡന്റായ ശ്രീമതി ജാസ്മിൻ ആന്റണിയിൽ നിന്നും ഈടാക്കിയതായി വ്യക്തമാകുന്നത്. ബാക്കി 40,000 രൂപയുടെ വരവുണ്ടെങ്കിലും അത് ശ്രീമതി ജാസ്മിൻ ആന്റണിയിൽ നിന്നും ലഭിച്ചതാണെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്ന രേഖകളൊന്നുംതന്നെ നഗരസഭ ഹാജരാക്കിയിട്ടില്ല ആയതിന് വിശദീകരണം നൽകിയിട്ടുമില്ല.

നിഗമനങ്ങൾ /ശിപാർശകൾ

82. **പരാമർശ വിധേയമായ സി.ഡി.എസ്. വായ്പ തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും നഗരസഭ ഹാജരാക്കിയ ക്യാഷ്ബുക്കും പാസ്ബുക്കും പരിശോധിച്ചതിൽ നിന്നും 10,000 രൂപ മാത്രമാണ് മുൻ സി.ഡി.എസ് പ്രസിഡന്റായിരുന്ന ശ്രീമതി ജാസ്മിൻ ആന്റണിയിൽ നിന്നും ഈടാക്കിയതായി വ്യക്തമാകുന്നതെന്നും ബാക്കി 40,000 രൂപയുടെ വരവുണ്ടെങ്കിലും പ്രസ്തുത വ്യക്തിയിൽ നിന്നും ലഭിച്ചതാണെന്ന് ഉറപ്പാക്കാൻ സാധിക്കുകയില്ലായെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ വായ്പയുടെയും തിരിച്ച് പിടിച്ച എന്ന നഗരസഭയുടെ വാദത്തെ സാധൂകരിക്കുന്ന രേഖകൾ അടിയന്തരമായി ഓഡിറ്റിനു ഹാജരാക്കണമെന്നും ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് തടസ്സം നീക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

വനിതാ സംഘങ്ങൾക്ക് ക്രമവിരുദ്ധമായി റിവോൾവിംഗ് ഫണ്ട്-ആലുവ നഗരസഭ

(2003-2004 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-6)

സർക്കാർ നിബന്ധനകൾ പാലിക്കാതെ വനിതാ സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് 1,25,000 രൂപ ക്രമവിരുദ്ധമായി നൽകി.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14-3-2000-ലെ ജി. ഒ. (എംഎസ്.) 82/2000 പ്രകാരം റിവോൾവിംഗ് ഫണ്ട് നൽകുന്ന 25,000 രൂപയിൽ 10,000 രൂപ എസ്.ജെ.എസ്.വൈ.ഫണ്ടിൽ നിന്നും പലിശ രഹിത വായ്പയായും 15000 രൂപ പലിശയോടുകൂടിയ ബാങ്ക് വായ്പയായുമാണ് നൽകേണ്ടത്. ധനസഹായം നൽകുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ ആറുമാസമെങ്കിലും വിജയകരമായി പ്രവർത്തിച്ച ഗ്രൂപ്പുകൾക്കുമാത്രമേ റിവോൾവിംഗ് ഫണ്ട് ലഭിക്കുവാൻ അർഹതയുള്ളൂ. മേൽ ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ച അഞ്ചു ഗ്രൂപ്പുകൾക്ക് തിരിച്ചടവ് ഉപാധികളില്ലാതെ മുഴുവൻ തുകയും സി.ഡി.എസ്. ഫണ്ടിൽ നിന്നും നൽകിയത് സി.ഡി.എസ്. ഫണ്ടിന്റെ ദുരുപയോഗവും സർക്കാർ ഉത്തരവിന്റെ നഗ്നമായ ലംഘനവുമാണ്.

റിവോൾവിംഗ് ഫണ്ട് എന്ന പേരിൽ ക്രമരഹിതമായി നൽകിയ ധനസഹായം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ വായ്പ കൈപ്പറ്റിയ ഗ്രൂപ്പുകളിൽ നിന്നോ തിരിച്ചുപിടിച്ച് സി.ഡി.എസ്. ഫണ്ടിലേക്കടയ്ക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.16.2)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. നിബന്ധനകൾ പാലിക്കാതെ വനിതാ സംഘങ്ങൾക്ക് 1,25,000 രൂപ റിവോൾവിംഗ് ഫണ്ടിൽ നിന്നും നൽകിയതായുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് തുക തിരിച്ചു അടക്കുന്നതിന് സംഘങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തിരിച്ചടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതാണെന്നും ആലുവ നഗരസഭാ സെക്രട്ടറി അറിയിച്ചു. വനിതാ സംഘങ്ങളിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളിന്മേൽ 3-8-2015-ലെ കത്തിനൊപ്പം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് താഴെച്ചേർക്കുന്നു:

84. 5 ഗ്രൂപ്പുകൾക്ക് ക്രമവിരുദ്ധമായി തുക അനുവദിച്ചുവെങ്കിലും 2 ഗ്രൂപ്പുകൾ മാത്രമാണ് തുക തിരിച്ചടവാക്കിയിട്ടുള്ളത്. ബാക്കിയുള്ള 3 ഗ്രൂപ്പുകളിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടി പുരോഗമിച്ചു വരുന്നു.

നിഗമനങ്ങൾ /ശിപാർശകൾ

85. **സർക്കാർ നിബന്ധനകൾ പാലിക്കാതെ വനിതാ സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പേരിൽ ക്രമരഹിതമായി ധന സഹായം അനുവദിച്ച നഗരസഭയുടെ നടപടിയെ സമിതി അതീവ ഗൗരവ ത്തോടെ വീക്ഷിക്കുന്നു.**

86. **ഇക അനുവദിച്ച് നൽകിയ അഞ്ച് ഗ്രൂപ്പുകളിൽ 2 ഗ്രൂപ്പുകൾ ഇക തിരിച്ചടച്ചതായും ബാക്കിയുള്ള 3 ഗ്രൂപ്പുകളിൽ നിന്നും ഇക തിരിച്ചു പിടിയ്ക്കുന്ന തിനായി റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതായുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റവന്യൂ റിക്കവറി നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്ക ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

അനധികൃത കയ്യേറ്റം: നഗരസഭയ്ക്ക് 48 സെന്റ് ഭൂമി നഷ്ടമായി - ആലുവ നഗരസഭ

(2003-2004 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-23)

നഗരസഭയുടെ 48 സെന്റ് സ്ഥലം അധികൃതരുടെ അനാസ്ഥയാൽ അനധികൃത കയ്യേറ്റത്തിലൂടെ നഷ്ടമായി. നഗരസഭയ്ക്ക് അശോകപുരത്തുണ്ടായിരുന്ന 16 സെന്റ് സ്ഥലം പോർസ്യൂംകല കോൺവെന്റിന് വിട്ടു കൊടുത്തപ്പോൾ കോൺവെന്റ് അധികൃതർ ചൂണ്ടിയിൽ അവരുടെ 3 ഏക്കർ 18 സെന്റ് സ്ഥലം ആലുവ സബ് രജിസ്ട്രിയിലെ 1977-ലെ 1662-ാം നമ്പർ ആധാരപ്രകാരം നഗരസഭയ്ക്ക് കൈമാറ്റം ചെയ്തു. ഈ സ്ഥലം അളന്നുതിരിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചില്ല. 3-11-2000-ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9-3-2000-ലെ 1061/2000 ഉത്തരവുപ്രകാരവും പോർസ്യൂംകല കോൺവെന്റിന് 16 സെന്റ് സ്ഥലം തിരികെ നൽകുകയും ചെയ്തു. 26-9-2003-ലെ കൗൺസിൽ തീരുമാനപ്രകാരം സ്ഥലം അളന്ന് തിട്ടപ്പെടുത്തിയതനുസരിച്ച് 2 ഏക്കർ 54 സെന്റ് സ്ഥലമാണ് നഗരസഭയ്ക്കുള്ളതെന്നും അതിൽ 16.19 സെന്റ് സ്വകാര്യ വ്യക്തികളുടെ കൈവശമാണെന്നും കാണുന്നു. ആധാരപ്രകാരം 3.02 ഏക്കർ കാണേണ്ട ഭൂമി അളന്ന് തിട്ടപ്പെടുത്തിയപ്പോൾ 2.54 ഏക്കറായി ചുരുങ്ങിയതിനാൽ നഗരസഭയ്ക്ക് അനധികൃത കൂടിയേറ്റം വഴി നഷ്ടമായത് 48 സെന്റാണ്.

അനധികൃത കയ്യേറ്റം കണ്ടുപിടിച്ച് യഥാസമയം നടപടിയെടുക്കാതിരിക്കുന്നത് നഗരസഭയുടെ വീഴ്ചയാണ്. കാലാകാലങ്ങളിലെ നഗരസഭാ ഭരണാധികാരികളുടെ അനാസ്ഥമൂലം നഷ്ടപ്പെട്ട 48 സെന്റ് ഭൂമി വീണ്ടെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2005-2006 - ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.16.3)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

87. ചുറ്റുമതിൽ കെട്ടാതിരുന്നതിനെ തുടർന്ന് നഗരസഭയുടെ 48 സെന്റ് സ്ഥലം നാട്ടുകാർ അനധികൃതമായി കയ്യേറിയതിനെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞു. 1977-ലെ ആധാരപ്രകാരം 3 ഏക്കർ 18 സെന്റ് സ്ഥലം നഗരസഭയ്ക്ക് കൈമാറി കിട്ടിയിരുന്നുവെന്നും 2000-ൽ കൗൺസിൽ തീരുമാനപ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16 സെന്റ് സ്ഥലം ഭൂമി കൈമാറിയ സ്ഥാപനത്തിന് തിരികെ നൽകിയിരുന്നുവെന്നും കണക്ക് പ്രകാരം ബാക്കി 3 ഏക്കർ 2 സെന്റ് സ്ഥലം കാണേണ്ടതായിരുന്നുവെങ്കിലും 2003-ൽ സ്ഥലം അളന്ന് പരിശോധിച്ചപ്പോൾ 2 ഏക്കർ 54 സെന്റ് സ്ഥലം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും നിലവിലുള്ള സർവ്വേ രേഖകൾ പ്രകാരം 13 സെന്റ് സ്ഥലത്താണ് കയ്യേറ്റം നടന്നിട്ടുള്ളത് എന്നും നഗരകാര്യ സെക്രട്ടറി വിശദീകരിച്ചു. കയ്യേറിയിട്ടുള്ള 13 സെന്റ് സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിച്ചിട്ടുണ്ട് എന്നും അത് ഒഴിപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല എന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. ബാക്കിയുള്ള ഭൂമിക്ക് ചുറ്റുമതിൽ കെട്ടുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാവുന്നില്ല എന്നും നഗരസഭാ സെക്രട്ടറി കൂട്ടിച്ചേർത്തു. ജില്ലാ കളക്ടറും സർക്കാരിന്റെ മറ്റ് സംവിധാനങ്ങളും നിലവിലുള്ളപ്പോൾ സർക്കാർ ഭൂമി സംരക്ഷിക്കാൻ കഴിയുന്നില്ല എന്ന് പറയുന്നത് ദയനീയമായ സാഹചര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ചുറ്റുമതിൽ പണിയുന്നതിനുള്ള ടെണ്ടർ ഏറ്റെടുക്കാൻ ആരും തയ്യാറാകാത്ത പക്ഷം പ്രസ്തുത പ്രവൃത്തി നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിക്കാവുന്നതാണെന്നും എറണാകുളം ജില്ലാകളക്ടർക്കും ആലുവ റൂറൽ എസ്.പി.ക്കും ആവശ്യമായ നിർദ്ദേശം നൽകിക്കൊണ്ട് നടപടി സ്വീകരിക്കുന്നതാണെന്നും നഗരകാര്യ സെക്രട്ടറി അറിയിച്ചു.

88. നഗരസഭയുടെ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറിയ ഭൂമി തിരിച്ചെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ 3-8-2015-ലെ കത്തിനൊപ്പം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മ പരിശോധന റിപ്പോർട്ട് താഴെച്ചേർക്കുന്നു:

89. അനധികൃത കയ്യേറ്റംമൂലം നഗരസഭയ്ക്ക് നഷ്ടമായ 48 സെന്റ് ഭൂമി വീണ്ടെടുക്കുന്നതിന് ഉചിത നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും നഗരസഭ വേണ്ടത്ര ശ്രദ്ധ പുലർത്തി കാണുന്നില്ല.

നിഗമനങ്ങൾ /ശിപാർശകൾ

90. **അനധികൃത കയ്യേറ്റംമൂലം നഗരസഭയ്ക്ക് നഷ്ടമായ 48 സെന്റ് ഭൂമി വീണ്ടെടുക്കണമെന്ന് സമിതി നിർദ്ദേശമുണ്ടായിട്ടും ആയത് സംബന്ധിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളാതിരിക്കുകയും ഭാവിയിൽ ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ തടയുന്നതിനായി ചുറ്റുമതിൽ നിർമ്മിക്കാതിരിക്കുകയും ചെയ്ത നഗരസഭയുടെ നടപടി അംഗീകരിക്കാനാവില്ലെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ അടിയന്തരമായി വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ശിപാർശ ചെയ്യുന്നു.**

91. **കൂടാതെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി സമിതി നൽകിയ നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

സ്റ്റാം-കം-ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ-വാടക വർദ്ധനവ് വാങ്ങാതിരിക്കൽ - നഷ്ടം 39,222/-മൂവാറ്റുപുഴ നഗരസഭ

[ഓഡിറ്റ് റിപ്പോർട്ട് - 1999-2000 (വരവ്), ഖണ്ഡിക: 2(7)]

മൂവാറ്റുപുഴ നഗരസഭ, കടമുറികൾ വാടകയ്ക്ക് നൽകിയപ്പോൾ ലൈസൻസിന്റെ കാലാവധി ലൈസൻസ് നൽകുന്ന തീയതി മുതൽ 3 വർഷമായിരിക്കുമെന്ന് ലേല വ്യവസ്ഥകളിലും മുനിസിപ്പാലിറ്റി ആക്ട് - 215-ാം വകുപ്പിലും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിന് ശേഷം ലൈസൻസ് പുതുക്കുകയാണെങ്കിൽ നഗരസഭ അപ്പോൾ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 5% വാടക വർദ്ധനവോടുകൂടി ലൈസൻസ്

പുതുക്കേണ്ടതാണ്. എന്നാൽ മൂവാറ്റുപുഴ നഗരസഭയുടെ സത്രം ഷോപ്പിംഗ് കോംപ്ലക്സിലെ 45 മുറികൾക്ക് ഇപ്രകാരം 3 വർഷത്തിനുശേഷം വാടക വർദ്ധന വരുത്താതിരുന്നതിനാൽ 1998-1999 കാലയളവിൽ 3055 രൂപയും 1999-2000 കാലയളവിൽ 36,167 രൂപയും നഷ്ടം സംഭവിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയിലെ ബന്ധപ്പെട്ട റവന്യൂ ഓഫീസർ കൃത്യമായി വർദ്ധനവ് വരുത്തി അതനുസരിച്ചുള്ള പുതുക്കിയ കരാർ വയ്പ്പിച്ച് പണം വസൂലാക്കേണ്ടതായിരുന്നു. ആകെ നഷ്ടം രൂപ 39,222.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 4.15.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. നഗരസഭയുടെ കടമുറികൾ വാടകയ്ക്ക് നൽകിയപ്പോൾ 5% വാടക വർദ്ധനവ് വാങ്ങാതിരുന്നതിനാൽ 1998-99, 1999-2000 വർഷങ്ങളിലായി 39,222 രൂപ നഷ്ടപ്പെട്ടതായുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച ചോദ്യത്തിന് ഓഡിറ്റ് പരാമർശം വന്നപ്പോൾത്തന്നെ ബന്ധപ്പെട്ട വാടകക്കാർക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും മുഴുവൻ തുകയും അടച്ചതായി അവർ അവകാശപ്പെടുന്നുണ്ടെങ്കിലും രേഖകൾ പ്രകാരം 18,736 രൂപ മാത്രമാണ് അടച്ചിട്ടുള്ളതായി കാണുന്നതെന്നും ആയതിനാൽ വാടകക്കാർ അടച്ചതായി പറയുന്ന തുകയുടെ രസീതി വിവരങ്ങൾ ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് കത്തയച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. തുടർന്നുള്ള വർഷങ്ങളിൽ വാടകയിൽ നിയമാനുസൃതമായ വർദ്ധനവ് വരുത്താറുള്ളതായും സെക്രട്ടറി കൂട്ടിച്ചേർത്തു.

93. ബാക്കി തുക അടച്ചതിന്റെ രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 3-8-2015-ലെ കത്തിനൊപ്പം ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ് താഴെച്ചേർക്കുന്നു:

94. നഷ്ടത്തുകയായ 39,222 രൂപ പൂർണ്ണമായും ഈടാക്കിയതായി ബോധ്യപ്പെട്ടിട്ടുണ്ട്.

നിഗമനങ്ങൾ/ശിപാർശകൾ

95. നഷ്ടത്തുക പൂർണ്ണമായും ഈടാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

മൂവാറ്റുപുഴ നഗരസഭ

കംഫർട്ട് സ്റ്റേഷനുകളുടെ ലേലം - നഷ്ടം 60,000 രൂപ

[ഓഡിറ്റ് വർഷം 2006-07, ഖണ്ഡിക 2-2(7)]

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 -ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.6, പട്ടിക ക്രമ നമ്പർ 5)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. കംഫർട്ട് സ്റ്റേഷന്റെ കരാറുകാരൻ, നഗരസഭയുടെ മുറി എടുക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകയിൽ നിന്നും ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 60,000 രൂപയും പലിശയും ഈടാക്കിയിട്ടുള്ളതായി മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറി അറിയിച്ചു. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനും ഓഡിറ്റിന് ബോധ്യപ്പെട്ടാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്.

97.കരാറുകാരനായ ശ്രീ. പി. എം. മുഹമ്മദാലി നഗരസഭയിൽ നിക്ഷേപിച്ചിരുന്ന സെക്യൂരിറ്റി തുകയായ 1,03,670 രൂപയിൽ നിന്നും 60,000 രൂപ കിസ്സ് ഇനത്തിലും 7,330 രൂപ പലിശയിനത്തിലും ഈടാക്കിയതായി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, പിഴപ്പലിശയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

നിഗമനങ്ങൾ/ശിപാർശകൾ

98. **സമിതി നിർദ്ദേശപ്രകാരം കംഫർട്ട് സ്റ്റേഷന്റെ കരാറുകാരനിൽ നിന്നും പരാമർശവിധേയമായ തുകയും അതിന്റെ പലിശയും ഈടാക്കിയിട്ടുണ്ടെങ്കിലും പിഴപ്പലിശയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ലാത്തതായി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരാറുകാരനിൽ നിന്നും പിഴപ്പലിശ കൂടി ഈടാക്കി ആയത് സംബന്ധിച്ച രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

വനിതാവ്യവസായ വികസനം-ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കൽ, അനുബന്ധ പ്രവർത്തനങ്ങൾ - ലക്ഷ്യം കൈവരിച്ചില്ല-ചെലവഴിച്ച ഉക നഷ്ടം - മുവാറ്റുപുഴ നഗരസഭ

[ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ : 3-14(1)]

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 5 വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങി സ്ഥാപിച്ച് നൽകുകയും, അതിൽ നിന്ന് കിട്ടുന്ന വരുമാനത്തിന്റെ 35% സ്ഥാപനത്തിന്റെ നടത്തിപ്പിനും 65% ജോലി ചെയ്യുന്ന വനിതകൾക്ക് വേതനം നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് താലൂക്ക് വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിൽ 5,92,065 രൂപ ചെലവഴിച്ച് ജംബോ ഫോട്ടോസ്റ്റാറ്റ് മെഷീനും മറ്റ് അനുബന്ധ ഉപകരണങ്ങളും 30-3-2007-ൽ വാങ്ങി മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. 31-7-2007-ലെ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം ഈ ഉപകരണങ്ങൾ പ്രസ്ക്ലബ്ബിലെ 6/616-ാം നമ്പർ മുറിയിൽ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചുവെങ്കിലും ഈ മുറിയിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതുമൂലം ഓഡിറ്റ് നടത്തുന്ന 02/08 വരെയും ഈ മെഷീനറികൾ പ്രവർത്തിപ്പിച്ച് നോക്കിയിട്ടില്ല.

ഏകദേശം 6 ലക്ഷത്തോളം രൂപ പദ്ധതിവിഹിതം ഉപയോഗിച്ച് വാങ്ങിയ ഈ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പശ്ചാത്തലസൗകര്യമൊരുക്കുകയോ, ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുകയോ ചെയ്യുന്നതിനുള്ള നടപടി നഗരസഭയുടെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ലായെന്നുള്ളത് പൊതുപ്പണം ഉപയോഗിക്കുന്നതിനുള്ള ദീർഘവീക്ഷണമില്ലായ്മയും അലംഭാവവും എടുത്ത് കാണിക്കുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ആർ. ജയപാലൻ,
ലക്ഷ്മി നിവാസ്, റ്റി. സി.-77/1851,
പേട്ട, തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.7.11(i)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. വനിതാ വ്യവസായ വികസനത്തിന് വേണ്ടി വാങ്ങിയ ഫോട്ടോസ്റ്റാറ്റ് മെഷീൻ പ്രവർത്തിക്കാത്തതിനാൽ ആറ് ലക്ഷത്തോളം രൂപ നഷ്ടമായതിനെക്കുറിച്ച് സമിതി റിപ്പോർട്ട് ആരാഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നവരിൽ ഒരാൾക്ക് നിശ്ചിത സമയത്ത് വായ്പ ലഭിക്കാത്തതിനാൽ ടിയാൾ മെഷീൻ ഏറ്റെടുക്കാൻ തയ്യാറായില്ല എന്നും ഇടർന്ന് മറ്റുള്ളവരും ഏറ്റെടുക്കുന്നതിന് മുന്നോട്ട് വന്നില്ല എന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

100. ഉപകരണങ്ങൾ സൂക്ഷിച്ചിരുന്ന മുറിയിൽ വെള്ളം കയറി അവ നശിച്ചുപോയതായുള്ള ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ചോദ്യത്തിന് പ്രസ്തുത ഉദ്യോഗസ്ഥന് മെമ്മോ നൽകിയിട്ടുള്ളതായും അംഗീകാരം നൽകിയാൽ മെഷീൻ ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ഒരു സംഘം മുന്നോട്ടുവന്നിട്ടുള്ളതായും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

101. ഫോട്ടാസ്റ്റാറ്റ് മെഷീൻ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ചും വെള്ളം കയറി മെഷീൻ ഉപയോഗശൂന്യമായി എന്നതിന്റെ നിജസ്ഥിതിയെക്കുറിച്ചും പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് സമിതി ആവശ്യപ്പെട്ടു.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്:

102. പ്രസ്ക്ലബ്ബ് കെട്ടിടത്തിലെ താഴത്തെ നിലയിലെ മുറിയിലാണ് മെഷീനുകൾ സൂക്ഷിച്ചുവരുന്നത്. കെട്ടിടത്തിനു മുൻവശം റോഡിന് സമീപം പാടശേഖരവുമാണ്. കനത്ത മഴയിൽ പാടശേഖരം നിറഞ്ഞുകവിഞ്ഞ് വെള്ളം കയറി മെഷീനുകൾക്ക് കേടുപാടുണ്ടായി എന്ന വാദം ന്യായീകരിക്കാവുന്നതാണ്. നിലവിൽ ഈ മുറിയിൽ പ്രവർത്തിക്കുന്ന 'വിമൻസ് വേൾഡ് ഇന്റർനെറ്റ് സൊല്യൂഷൻ ആന്റ് ഡി.ടി.പി. സെന്റർ' എന്ന സ്ഥാപനം നഗരസഭയുടെ ധനസഹായത്താൽ പ്രവർത്തിക്കുന്ന വനിതാ യൂണിറ്റാണെന്നതിന് തെളിവില്ല. 13-6-2014-ലെ 3-ാം നമ്പർ തീരുമാന പ്രകാരം 6-9-2014-ൽ 5 ഗുണഭോക്താക്കൾ 5,000 രൂപ വീതം ഗുണഭോക്തൃ വിഹിതമായി നഗരസഭയിൽ അടച്ചാണ് മേൽപ്പറഞ്ഞ സ്ഥാപനം ആരംഭിച്ച് പ്രവർത്തിച്ചുവരുന്നത്.

നിഗമനങ്ങൾ/ശിപാർശകൾ

103. **ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി നിർദ്ദേശാനുസരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധന നടത്തി ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശ വിധേയമായ മെഷീനുകൾ സൂക്ഷിച്ചിരുന്നത് പ്രസ്**

ക്ലബ്ബ് കെട്ടിടത്തിലെ താഴത്തെ നിലയിലെ മുറിയിലാണെന്നും കെട്ടിടത്തിനു സമീപം പാടശേഖരമാണെന്നതിനാൽ കനത്ത മഴയിൽ പാടശേഖരം നിറഞ്ഞു കവിഞ്ഞ് വെള്ളം കയറി മെഷീനുകൾക്ക് കേടുപാടുണ്ടായതായുള്ള വാദം ന്യായീകരിക്കാവുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

104. എന്നിരുന്നാൽതന്നെയും ഏകദേശം 6 ലക്ഷത്തോളം രൂപ ചെലവഴിച്ച് 2007-ൽ വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിലും യഥാസമയം പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും നഗരസഭയുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. അത്യന്തം സൂക്ഷ്മതയോടെ മാത്രം കൈകാര്യം ചെയ്യേണ്ട പൊളിപണം തീർത്തും നിരുത്തരവാദപരമായും അലംഭാവത്തോടെയും ഉപയോഗിച്ചതിനുള്ള ഉത്തമ ഉദാഹരണമായി പ്രസ്തുത ഓഡിറ്റ് പരാമർശത്തെ കണക്കാക്കാമെന്ന് അഭിപ്രായപ്പെട്ട സമിതി ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി, നിലവിൽ പ്രസ്തുത മുറിയിൽ പ്രവർത്തിക്കുന്ന 'വിമൻസ് വേൾഡ് ഇന്റർനെറ്റ് സൊല്യൂഷൻ ആന്റ് ഡി.ടി.പി. സെന്റർ' എന്ന സ്ഥാപനത്തെ സംബന്ധിച്ച രേഖകൾ എന്നിവ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ആധുനിക അറവുശാല നിർമ്മാണം - നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ചെലവ് - മൂവാറ്റുപുഴ നഗരസഭ

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ : 3 (30) (2)]

1994-95 വർഷത്തിലാണ് ആധുനിക അറവുശാല നിർമ്മിക്കുന്നതിനായി നഗരസഭ പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി 2.71 ഏക്കർ സ്ഥലം 14,45,627 രൂപയ്ക്ക് വാങ്ങി. 1996-1997 മുതൽ 1999-2000 വരെ 28,06,822 രൂപ പല ഘട്ടങ്ങളിലായി ചെലവഴിച്ച് അറവുശാല കെട്ടിടം നിർമ്മിച്ച് 10/2003-ൽ നഗരസഭയ്ക്ക് കൈമാറുകയും 01/04-ൽ കെട്ടിടം ഉദ്ഘാടനം നടത്തുകയും ചെയ്തു. 03/04-ലെ അർബൻ അഫയേഴ്സ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ടെണ്ടർ ക്ഷണിച്ച് എം.എസ്. ഫ്ളിഷ് ടെക്നോ കൺസൾട്ടന്റ് ട്രിനിറ്റി എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി 11,00,000 രൂപയ്ക്ക് ടെണ്ടർ ഉറപ്പിച്ച്, ടി സ്ഥാപനത്തിൽ നിന്ന് 10,48,912 രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് കശാപ്പ് തൊഴിലാളികൾക്കും, മേൽനോട്ട ജീവനക്കാർക്കും 5 ദിവസത്തെ പരിശീലനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഈ വ്യവസ്ഥ പാലിക്കാത്തതിനാൽ ബാക്കി തുക സ്ഥാപനത്തിന് നൽകിയില്ല

അപ്രകാരം അറവുശാല നിർമ്മാണത്തിനായും ഉപകരണങ്ങൾ വാങ്ങുന്നതിനായും മൊത്തം 53,01,361 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

എന്നാൽ അറവുശാല മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ജൈവവാതക പ്ലാന്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അസഹ്യമായ ദുർഗന്ധംമൂലം ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥാപനം അടച്ചുപൂട്ടുകയാണുണ്ടായത്. മാലിന്യ സംസ്കരണത്തിനുള്ള വഴി കണ്ടെത്താതെ അറവുശാല നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുകയും 23-1-2004-ൽ ഉദ്ഘാടനം ചെയ്ത അറവുശാല നാളിതുവരെ ഉപയോഗിക്കാതിരിക്കുകയും ചെയ്തതിനാൽ ഇതിനായി നിർമ്മിച്ച കെട്ടിടവും വാങ്ങിയ ഉപകരണങ്ങളും നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയുണ്ടാവുകയും ചെയ്തത് നഗരസഭയുടെ കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയുമാണ് കാണിക്കുന്നത്. ഇപ്രകാരം അരക്കോടിയിൽപ്പരം രൂപ പാഴ്ചെലവ് വരുത്തിയതിന് നഗരസഭ വിശദീകരണം നൽകേണ്ടതാണ്.

ഉത്തരവാദികൾ : ഭരണസമിതി അംഗങ്ങൾ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-2010-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8.22(i)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

105. അറവുശാല നിർമ്മാണത്തിൽ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് സമിതി ആരാഞ്ഞതിന് 2009-ൽ ആണ് അറവുശാല പ്രവർത്തനം ആരംഭിച്ചതെന്നും അപ്പോൾ സ്ഥലവാസികൾ മുൻസിഫ് കോടതിയിൽ കേസ്സ് ഫയൽ ചെയ്തുവെന്നും എന്നാൽ കോടതി വിധി നഗരസഭയ്ക്ക് അനുകൂലമായതിനെത്തുടർന്ന് അറവുശാല തുറന്ന് പ്രവർത്തിപ്പിക്കുവാൻ ഉത്തരവായെന്നും അതിനെതിരെ സ്ഥലവാസികൾ ബഹു. സുപ്രീം കോടതിയിൽ പരാതി നൽകിയെന്നും ഇതിനിടെ അറവുശാലയ്ക്കുണ്ടായിരുന്ന 3 വർഷത്തെ കൺസട്രക്ടീവ് ഓർഡറിന്റെ കാലാവധി അവസാനിച്ചെന്നും ആയത് പുതുക്കിയപ്പോൾ സുപ്രീം കോടതിയുടെ പുതിയ നിബന്ധനകൾ പ്രകാരമുള്ള സംവിധാനമുണ്ടാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായിയെന്നും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് വളരെയധികം തുക ആവശ്യമാണെന്നും ആയതിനാൽ 2013 ആഗസ്റ്റ് മുതൽ അറവുശാല അടച്ചിട്ടിരിക്കുകയാണെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. പത്ത് ലക്ഷം രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായതായി സമിതിയുടെ മറ്റൊരു ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. സുപ്രീം കോടതി വിധിയിലെ നോംസ് പ്രകാരം അറവുശാല നടത്തുന്നത് സംബന്ധിച്ച് ആരാഞ്ഞതിന് ശുചിത്വമിഷനുമായി ചേർന്ന്,

നഗരസഭ ഒരു കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കുന്നതായി നഗരസഭാ സെക്രട്ടറി വെളിപ്പെടുത്തി. വൻ തുകയുടെ നഷ്ടം സംഭവിച്ച വിഷയമായതിനാൽ സർക്കാർ ഇതിനെക്കുറിച്ച് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സ്ഥലവാസികൾക്ക് എതിർപ്പുള്ളതിനാൽ അറവുശാല മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതായിരിക്കും ഉചിതം എന്നും ഇനിയും സാമ്പത്തിക നഷ്ടം ഉണ്ടാകാതെ പ്രശ്നം പരിഹരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. നിലവിലുള്ള കെട്ടിടം മാറ്റിക്കൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പ്രായോഗികമല്ലെന്ന് നഗരകാര്യ സെക്രട്ടറി അറിയിച്ചു നിലവിലുള്ള കെട്ടിടത്തിൽ പുതിയ സംവിധാനം ഉപയോഗിച്ച് അറവുശാല ഫലപ്രദമായി നടത്താൻ കഴിയുമോ എന്ന് പരിശോധിക്കാമെന്ന് നഗരകാര്യ സെക്രട്ടറി അറിയിക്കുകയും അതനുസരിച്ച് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് താഴെ ചേർക്കുന്നു:

106. നിലവിൽ അറവുശാലയും മീറ്റ് സ്റ്റാളുകളും അടച്ചുപൂട്ടി കിടക്കുന്നു. 2.5 ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന അറവുശാല കെട്ടിടവും മീറ്റ് സ്റ്റാൾ കെട്ടിടവും യന്ത്രസാമഗ്രികളും അറ്റകുറ്റപ്പണി ചെയ്ത് പുതുക്കിയെടുത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശമനുസരിച്ചുള്ള മാലിന്യസംസ്കരണ സംവിധാനം സ്ഥാപിച്ച് പ്രവർത്തനാനുമതി നേടിയെടുക്കാവുന്നതും ഉപയോഗക്ഷമമാക്കാവുന്നതുമാണ്.

നിഗമനങ്ങൾ/ശിപാർശകൾ

107. **മാലിന്യസംസ്കരണത്തിനുള്ള വഴി കണ്ടെത്താതെ ഏകദേശം അരക്കോടിയോളം രൂപ ചെലവഴിച്ച് അറവുശാല നിർമ്മിക്കുകയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുകയും ചെയ്ത നഗരസഭയുടെ നടപടിയിൽ സമിതിക്ക് യാതൊരു ന്യായീകരണവും കാണുവാനാകുന്നില്ല. പൊതുധനവിനിയോഗത്തിൽ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായ ദീർഘവീക്ഷണമില്ലായ്മയിലും അലംഭാവത്തിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. 2009-ൽ പണി പൂർത്തിയാക്കിയ അറവുശാല നാളിതുവരെ പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടും ഓഡിറ്റിൽ അവ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുപോലും പ്രസ്തുത ക്രമക്കേടുകൾ പരിഹരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നത് വളരെ ഗുരുതരവും അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമായ വസ്തുതയാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു.**

108. പരാമർശ വിധേയമായ അറവുശാല കെട്ടിടവും യന്ത്രസാമഗ്രികളും അറ്റകുറ്റപ്പണി ചെയ്ത് പുളുക്കിയെടുത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശമനുസരിച്ചുള്ള മാലിന്യസംസ്കരണ സംവിധാനം സ്ഥാപിച്ച് പ്രവർത്തനാനുമതി നേടിയെടുത്ത് ഉപയോഗക്ഷമമാക്കാമെന്ന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. സുരേഷ് കറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റി.

തിരുവനന്തപുരം,
2018 മാർച്ച്, 27.

അനുബന്ധം-I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ബന്ധപ്പെട്ട വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ
1	2	3	4
1	12	തദ്ദേശസ്വയംഭരണ വകുപ്പ്	ചാവക്കാട് നഗരസഭ വികസന നിക്ഷേപമായി കെ.എസ്.ഇ.ബി., റവന്യൂ, വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലായി നിക്ഷേപിച്ച 11,23,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം [ഖണ്ഡിക 3.17.1 (i)] ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
2	13	തദ്ദേശസ്വയംഭരണ വകുപ്പ്	കുന്ദംകുളം നഗരസഭ വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, റവന്യൂ വകുപ്പ് (ലാന്റ് അക്വിസിഷൻ) എന്നീ സ്ഥാപനങ്ങളിൽ 18,36,290/- രൂപ നിക്ഷേപിച്ചിരുന്നെന്നും എന്നാൽ ആയത് സംബന്ധിച്ച ഫയലുകളോ പണം അടച്ചതിന്റെ രേഖകളോ കണ്ടുകിട്ടിയിട്ടില്ല എന്നും നഗരകാര്യ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചും വിവിധ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കിയും 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ സമിതി നിർദ്ദേശം നടപ്പാക്കാൻ കാലതാമസം വരുത്തുന്നതിനുള്ള വിശദീകരണവും ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

			കൂടാതെ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയ വർക്കെതിരെ നടപടി സ്വീകരിച്ച് ആയത് രണ്ടു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.
3	14, 15	തദ്ദേശസ്വയംഭരണ വകുപ്പ്	14. സ്വാഭിമാൻ പാർപ്പിട പദ്ധതി പ്രകാരം കോസ്റ്റ്ഫോർഡ്, ഗുരുവായൂർ നഗരസഭയുടെ ഫണ്ട് ഉപയോഗിച്ച് വീട് നിർമ്മിച്ചുകൊടുത്തിട്ടുള്ള മുനിസിപ്പാലിറ്റി/ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും പ്രസ്തുത തുക ഈടാക്കി ഗുരുവായൂർ നഗരസഭയ്ക്ക് തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ ഉത്തരവുണ്ടായിട്ടും ഇതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും നഗരകാര്യ ഡയറക്ടറിൽ നിന്നും നഗരസഭയിൽ ലഭിച്ചതായി കാണുന്നില്ല എന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നു. 15. നഗരകാര്യ ഡയറക്ടറുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ ഈ സമീപനത്തെ സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുന്നതോടൊപ്പം സമിതി ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
4	20, 21	തദ്ദേശസ്വയംഭരണ വകുപ്പ്	20. പരാമർശ വിധേയനായ പൃൺ ശ്രീ പുരുഷോത്തമനെതിരെയുള്ള വിജിലൻസ് കേസിന്റെ നിലവിലത്തെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ മുനിസിപ്പൽ സെക്രട്ടറിക്കോ നഗരകാര്യ സെക്രട്ടറിക്കോ വ്യക്തമായ മറുപടി നൽകാൻ കഴിയാത്തതിനാൽ പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട്, കേസ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ,

			കേസിന്റെ നിലവിലെ സ്ഥിതി എന്നിവ പത്തു ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. 21. എന്നാൽ സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു വിവരവും നഗരസഭ നാളിതുവരെ ലഭ്യമാക്കാത്തത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇതിനെ നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി കണക്കാക്കുന്നു എന്നതോടൊപ്പം മേല്പറഞ്ഞ വിവരങ്ങൾ രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.
5	26	തദ്ദേശസ്വയംഭരണ വകുപ്പ്	പരാമർശ വിധേയനായ കരാറുകാരൻ ശ്രീ. എം. കെ. ജോണിയിൽ നിന്നും ഈടാക്കിയ ഇകയുടെ പലിശകൂടി ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഇതിൻപ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരൻ അടവാക്കിയ 50,000 രൂപയിൽ നിന്നും 36,775 രൂപ നഗരസഭാ ഫണ്ടിലേയ്ക്ക് വരവ് വയ്ക്കുവാൻ ഉത്തരവായെങ്കിലും പ്രസ്തുത ഇകയുടെ വരവുരേഖകളോ രജിസ്റ്ററുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ രേഖകൾ അടിയന്തരമായി ഓഡിറ്റിനു ഹാജരാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
6	31	തദ്ദേശസ്വയംഭരണ വകുപ്പ്	കരാറുകാരന് പ്രവൃത്തിക്കായി തൊഴിലാളികളുടെ കൂലിയിനത്തിൽ അധികം നൽകിയ ഇകയുടെ പലിശകൂടി ടിയാനിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ടി ഇകയും അതിന്റെ പലിശയും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7	35	തദ്ദേശസ്വയംഭരണ വകുപ്പ്	ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വന്ന വീഴ്ച മൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ ഓഡിറ്റിനു ഹാജരാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ലഭ്യമാക്കിയ പ്രസ്തുത രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായി സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
8	42	തദ്ദേശസ്വയംഭരണ വകുപ്പ്	പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുവാൻ കിറ്റ്കോയ്ക്ക് ബാദ്ധ്യതയുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി ആർബിട്രേഷൻ ട്രൈബ്യൂണലിന്റെ അവാർഡിനെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാനും കേസിന്റെ ഫലപ്രദമായ നടത്തിപ്പിന് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ തൃശ്ശൂർ നഗരസഭ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവെന്നും കേസ്സ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതി നടപടികൾ എത്രയും വേഗം തീർപ്പാക്കി ആയത് സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
9	45	തദ്ദേശസ്വയംഭരണ വകുപ്പ്	നഗരസഭയുടെ ടൂറിസ്റ്റ് ഹോം, ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ടെണ്ടർ നടപടികളിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത വീഴ്ചകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഗൗരവപൂർണ്ണമായ അന്വേഷണം നടത്തി നിയമാനുസൃതമായി സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സമിതിയുടെ പ്രസ്തുത ആവശ്യത്തിന്മേൽ

			സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു വിവരങ്ങളും സർക്കാർ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുന്നതിനും സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിനെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചെത്തുന്ന ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരായിരിക്കെ ആയത് പാലിക്കാത്ത നടപടിയെ സമിതി ഗൗരവമായി കാണുകയും അപലപിക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള വിശദീകരണവും നൽകുവാൻ സമിതി ആവശ്യപ്പെടുന്നു.
10	53, 54, 55	തദ്ദേശസ്വയംഭരണ വകുപ്പ്	53. നഗരസഭ ചെലവിട്ട തുകയിൽ 88 വൗച്ചറുകളിലെ 82,34,049 രൂപയുടെ ബില്ലുകൾ, അളവ് പുസ്തകങ്ങൾ തുടങ്ങിയ പ്രധാന രേഖകൾ ഓഡിറ്റിനു ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭയുടെ സമീപനത്തെ സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ബോധപൂർവ്വം കാര്യങ്ങൾ മറച്ചുവയ്ക്കുകയും രേഖകൾ നഷ്ടപ്പെടുത്തുകയും ചെയ്തതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് കൊച്ചി റീജിയണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. രേഖകൾ നഷ്ടപ്പെട്ടതിന്റെ കാരണം ചോദിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച യാതൊരു വിവരവും നാളിതുവരെ സമിതിക്ക് ഹാജരാക്കിയിട്ടില്ല.

			നഗരസഭയുടെ ഭാഗത്ത് നിന്നുള്ള നിരുത്തരവാദപരമായ ഈ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 54. കാണാതായ രേഖകൾക്കായി നഗരകാര്യ ജോയിന്റ് ഡയറക്ടർ നടത്തിയ പരിശോധനയിൽ 23 ഫയലുകൾ ലഭ്യമായതായും ഇവ പരിശോധിച്ചതിൽ നിന്നും ആകെ 62,612 രൂപയുടെ നഷ്ടം സംഭവിച്ചതായും അറിയിച്ചിരിക്കുന്നു. കൂടാതെ ഇനി ലഭിക്കാനുള്ള 65 ഫയലുകൾ മുഖേന 39,06,883 രൂപയുടെ ചെലവ് തടസ്സം നിലനിൽക്കുന്നതായും അറിയിച്ചിരിക്കുന്നു. 55 പൊതുധനവിനിയോഗത്തിൽ വരുത്തുന്ന ഇത്തരം പിഴവുകൾ ഗുരുതരവും അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതുമാണെന്ന് അഭിപ്രായപ്പെട്ട സമിതി അടിയന്തരമായി അന്വേഷണം നടത്തി പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാനും ശിപാർശ ചെയ്യുന്നു.
11	61	തദ്ദേശസ്വയംഭരണ വകുപ്പ്	കമ്പ്യൂട്ടർ സെന്റർ തുടങ്ങുവാനുദ്ദേശിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ വാങ്ങിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അഭ്യസ്തവിദ്യരായ 30 ബി.പി.എൽ. ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ നൽകുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാനായില്ലെങ്കിലും ഈ ഉപകരണങ്ങൾ 2010 ലെ ഇലക്ഷൻ പ്രവർത്തനത്തിനും നഗരസഭയുടെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഉപയോഗിക്കാൻ കഴിഞ്ഞതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ള വിശദീകരണത്തിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ശരിയായ ആസൂത്രണമോ മുന്നൊരുക്കങ്ങളോ കൂടാതെ

			പദ്ധതിയ്ക്കായി ഏകദേശം 3 ലക്ഷത്തിലധികം രൂപ ചെലവഴിച്ചത് തികച്ചും പൊതുധനദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. കൂടാതെ വളരെ നാൾ മാത്രം ഉപയോഗിക്കാതിരുന്നതുകൊണ്ടും കാലപ്പഴക്കം കൊണ്ടും അവ ഇനി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
12	71, 72, 73	തദ്ദേശസ്വയംഭരണ വകുപ്പ്	71. നായത്തോട് എം.ജി.എം.എച്ച്.എസ്.എസ്. പ്ലസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അധികമായി ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടത് നിർമ്മാണ പ്രവർത്തനത്തിന്റെ മേൽനോട്ട ചുമതലയുണ്ടായിരുന്ന മുൻസിപ്പൽ എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. മുൻസിപ്പൽ എഞ്ചിനീയർ പ്രസ്തുത വിഷയത്തിൽ ക്രമവിരുദ്ധമായ റിപ്പോർട്ട് നല്കിയെന്ന ആരോപണത്തെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമെങ്കിൽ ടിയാനെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് നാളിതുവരെ യാതൊരു പരിശോധനയും നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്യാത്തത് നിയമസഭാ സമിതിയോടുള്ള കടുത്ത അനാദരവായി കാണുന്നു. അധികമായി ചെയ്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്താത്തതുൾപ്പെടെ പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പല ഘട്ടങ്ങളിലും നഗരസഭാ എഞ്ചിനീറിംഗ് വിഭാഗത്തിന്റെ ഭാഗത്ത് നിന്നും സംഭവിച്ച ഗുരുതരമായ കൃത്യവിലോപത്തിലും അലംഭാവത്തിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.